# ഖുർആനിലും സുന്നത്തിലും വന്ന പ്രാർത്ഥനകൾ

ഗ്രന്ഥകർത്താവ്

**ഡോ: സഈദ് ബിനു അലി ഖഹ്ത്വാനി**

ح جمعية الدعوة و الارشاد وتوعية الجاليات بالربوة ، ١٤٤٥هـ

القحطاني ، سعيد بن علي
الدعاء من الكتاب والسنة - مليالم. / سعيد بن علي
القحطاني - ط.١ -. الرياض ، ١٤٤٥هـ

٩٦ ص ؛ ١٤ × ٢١ سم

ردمك: ٩٧٨-٦٠٣-٨٤٥٠-٠٤-٨

١٤٤٥/٢٠٨٦٥

شركاء التنفيذ:

دار الإسلام | جمعية الربوة | رواد الترجمة | المحتوى الإسلامي

يتاح طباعة هذا الإصدار ونشره بأي وسيلة مع الالتزام بالإشارة إلى المصدر وعدم التغيير في النص.

Telephone: +966114454900
ceo@rabwah.sa
P.O.BOX: 29465
RIYADH: 11557
www.islamhouse.com

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

﴿وَلِلَّهِ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰ فَٱدۡعُوهُ بِهَاۖ وَذَرُواْ ٱلَّذِينَ يُلۡحِدُونَ فِيٓ أَسۡمَٰٓئِهِۦۚ سَيُجۡزَوۡنَ مَا كَانُواْ يَعۡمَلُونَ ١٨٠﴾ [الأعراف: 180]

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ നല്കപ്പെടും." (അഅ്റാഫ്: 180)

അല്ലാഹു; ആദ്യമെയുള്ളവൻ, അന്തിമൻ, ഏറ്റവും മുകളിലുള്ളവൻ, ഏറ്റവും അടുത്തുള്ളവൻ, ഉന്നതൻ, അത്യുന്നതൻ.

ഔന്നത്യമുള്ളവൻ, മഹത്വമുള്ളവൻ, ഉന്നതൻ, ഏറ്റവും വലിയവൻ, എല്ലാം കേൾക്കുന്നവൻ, എല്ലാം കാണുന്നവൻ, എല്ലാം അറിയുന്നവൻ.

സർവ്വരഹസ്യവും അറിയുന്നവൻ, സ്തുത്യർഹൻ, പ്രതാപവാൻ, എല്ലാറ്റിനും കഴിവുള്ളവൻ, എന്തിനും കഴിവുള്ളവൻ, കഴിവുറ്റവൻ, സർവശക്തൻ.

പ്രബലൻ, ഏറ്റവും ധന്യതയുള്ളവൻ, മഹാ യുക്തിമാൻ, സഹനമുള്ളവൻ, മാപ്പു നല്കുന്നവൻ, പാപം പൊറുക്കുന്നവൻ, വളരെയധികം പൊറുക്കുന്നവൻ.

പശ്ചാത്താപം സ്വീകരിക്കുന്നവൻ, എല്ലാം നിരീക്ഷിക്കുന്നവൻ, എല്ലാറ്റിനും സാക്ഷിയാവുന്നവൻ, എല്ലാം സംരക്ഷിക്കുന്നവൻ, ദയ കാണിക്കുന്നവൻ, ഏറ്റവും അടുത്തുള്ളവൻ, ഉത്തരം നല്കുന്നവൻ.

ഏറെ സ്നേഹമുള്ളവൻ, നന്ദിയുള്ളവൻ, ധാരാളമായി നന്ദിയുള്ളവൻ, ഉടമസ്ഥൻ, സർവ്വർക്കും ആശ്രയമായവൻ, അടക്കിഭരിക്കുന്നവൻ, എല്ലാം അടക്കിഭരിക്കുന്നവൻ.

പരമാധികാരമുള്ളവൻ, വിചാരണ ചെയ്യുന്നവൻ, സന്മാർഗത്തിലാക്കുന്നവൻ, വിധി നടത്തുന്നവൻ, പരിശുദ്ധൻ, എല്ലാ ന്യൂനതകളിൽ നിന്നും മുക്തൻ, ഗുണം ചെയ്യുന്നവൻ.

ഔദാര്യവാൻ, പരമകാരുണികൻ, കരുണാനിധി, ഉദാരൻ, അത്യുദാരൻ, കൃപ ചെയ്യുന്നവൻ, വിജയം നൽകുന്നവൻ.

ഉപജീവനം നൽകുന്നവൻ, ധാരാളമായി ഉപജീവനം നൽകുന്നവൻ, എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ, രക്ഷിതാവ്, രാജാവ്, രാജാധിരാജൻ.

ഏകനായവൻ, ഒരുവൻ, മഹത്വമുള്ളവൻ, സ്രഷ്ടാവ്, എല്ലാം സൃഷ്ടിക്കുന്നവൻ, നിർമാതാവ്, രൂപം നല്കുന്നവൻ.

സത്യപ്പെടുത്തുന്നവൻ, മേൽനോട്ടക്കാരൻ, വലയം ചെയ്യുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ, കാര്യങ്ങൾ ഏറ്റെടുത്തവൻ, മതിയായവൻ, വിശാലമായി നൽകുന്നവൻ.

ഏറ്റവും സത്യമായുള്ളവൻ, ഭംഗിയുള്ളവൻ, കൂടെയുള്ളവൻ, ലജ്ജയുള്ളവൻ, മറച്ചുവെക്കുന്നവൻ, ആരാധ്യൻ, പിടിച്ചു വെക്കുന്നവൻ.

വിശാലമാക്കുന്നവൻ, നൽകുന്നവൻ, മുന്തിക്കുന്നവൻ, പിന്തിക്കുന്നവൻ, വ്യക്തമായുള്ളവൻ, കണക്കില്ലാതെ അനുഗ്രഹങ്ങൾ നൽകുന്നവൻ, രക്ഷാധികാരി.

രക്ഷാധികാരി, സഹായിക്കുന്നവൻ, ശമനം നൽകുന്നവൻ, അധിപതി.

ജനങ്ങളെ ഒരുമിച്ചു കൂട്ടുന്നവൻ, ആകാശ ഭൂമികളുടെ പ്രകാശം, മഹത്വവും ആദരവുമുള്ളവൻ.

ആകാശ ഭൂമികളെ മാതൃകയില്ലാതെ സൃഷ്ടിച്ചവൻ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ
അല്ലാഹുവിന്റെ നാമത്തിൽ.

## ആമുഖം

നിശ്ചയം, അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. അവനെ നാം സ്തുതിക്കുകയും അവനോട് സഹായവും പാപമോചനവും തേടുകയും മനസിന്റെ ദുഷ്ടതകളിൽ നിന്നും ഞങ്ങളുടെ പ്രവർത്തനങ്ങളിലെ തിൻമകളിൽ നിന്നും ഞങ്ങൾ അല്ലാഹുവിൽ അഭയം തേടുകയും ചെയ്യുന്നു. അല്ലാഹു സൻമാർഗത്തിലാക്കിയവനെ വഴിപിഴപ്പിക്കുന്നവനില്ല. ആരെയെങ്കിലും അല്ലാഹു വഴികേടിലാക്കിയാൽ അവനെ സൻമാർഗത്തിലാക്കുവാനും ആരുമില്ല.

ആരാധനക്ക് അർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.അവൻ ഏകനാണ്. അവന് ഒരു പങ്കാളിയുമില്ല. നിശ്ചയം, മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ മേലും കുടുംബത്തിന്റെ മേലും അനുചരന്മാരുടെ മേലും, അന്ത്യനാൾ വരെ നന്മയോടുകൂടെ അവരെ അനുഗമിക്കുകയും ചെയ്തവരുടെ മേലും അനുഗ്രഹം ചെയ്യട്ടെ! വലിയ സമാധാനം ഉണ്ടാക്കുകയും ചെയ്യട്ടെ!

'ഖുർആനിലും സുന്നത്തിലും വന്ന ദിക്റുകളും ദുആക ളും മന്ത്രങ്ങളും' എന്ന എന്റെ ഗ്രന്ഥത്തിൽ നിന്നും പ്രാർ ത്ഥനകളുടെ ഭാഗം സംഗ്രഹിച്ച പുസ്തകമാണിത്. എളു പ്പത്തിൽ പ്രയോജനപ്പെടട്ടെ എന്ന ഉദ്ദേശത്തിലാണ് ഇ ങ്ങനെയൊരു ഉദ്യമം. ചില പ്രാർത്ഥനകളും, ഉപകാരപ്രദ മായ ഗുണപാഠങ്ങളും കൂടുതലായി ചേർക്കുകയും ചെ യ്തിട്ടുണ്ട്.

ഇത് അല്ലാഹുവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ചു കൊ ണ്ടുള്ള പ്രവർത്തനമാക്കിത്തീർക്കാൻ - അല്ലാഹുവിന്റെ ഉ ന്നത നാമങ്ങൾ കൊണ്ടും വിശേഷണങ്ങൾ കൊണ്ടും - ഞാൻ അല്ലാഹുവിനോട് തേടുന്നു. അല്ലാഹുവാണ് അതിന് കഴിവുള്ളവനും രക്ഷാധികാരിയും.

നമ്മുടെ നബി മുഹമ്മദ്(ﷺ)യുടെ മേൽ എല്ലാ അനുഗ്രഹ വും രക്ഷയും ഉണ്ടാവട്ടെ. നബിയുടെ കുടുംബത്തിലും അ നുചരിലും നബിയെ പിൻപറ്റിയവരിലും അവസാന നാൾ വരെ നന്മ സദാ വർഷിക്കട്ടെ

സഈദ് ബ്നു അലി അൽ കഹ്താനി

എഡിറ്റ് ചെയ്തത്: ശഅ്ബാൻ മാസം, ഹി. 1408

# പ്രാർത്ഥനയുടെ മഹത്വം

അല്ലാഹു പറയുന്നു:

﴿وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾﴾ [غافر: 60]

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച.' "[1]

അല്ലാഹു പറയുന്നു:

﴿وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾﴾ [البقرة: 186]

"എന്റെ ദാസന്മാർ എന്നെ കുറിച്ച് നിന്നോട് ചോദിച്ചാൽ; നിശ്ചയം ഞാൻ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിച്ചാൽ അവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം ചെയ്യുന്നതാണ്. അതിനാൽ അവർ എനിക്ക് ഉത്ത

[1] ഹാകിം: 1/541, സവാഇദു മുസ്നദിൽ ബസ്സാർ: 2/442, ത്വബ്റാനി/അദ്ദുആ: 1435

രം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാം." [1]

قال النَّبِيُّ -ﷺ-: «الدُّعَاءُ هُوَ الْعِبَادَةُ، قَالَ رَبُّكُمْ: «ادْعُونِي أَسْتَجِبْ لَكُمْ»

നബി (ﷺ) പറഞ്ഞു: "പ്രാർത്ഥന; അത് തന്നെയാണ് ആരാധന. നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു "നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം" [2]

وقال -ﷺ-: «إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيِيٌّ كَرِيمٌ يَسْتَحْيِي مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ إِلَيْهِ أَنْ يَرُدَّهُمَا صِفْرًا»

നബി -ﷺ- പറഞ്ഞു: "നിങ്ങളുടെ രക്ഷിതാവ് ലജ്ജയുള്ളവനും ഉദാരനുമാണ്. ഒരു അടിമ തന്നിലേക്ക് അവന്റെ ഇരു കൈകൾ ഉയർത്തിയാൽ അത് ശൂന്യമായി മടക്കുവാൻ അല്ലാഹു ലജ്ജിക്കുന്നു." [3]

---

[1] അൽ ബഖറ: 186.

[2] അബൂദാവൂദ്: 1481, തിർമിദി: 2959, ഇബ്നുമാജഃ: 3828. സ്വഹീഹുൽ ജാമിഉസ്സഗീർ 3/150 ലും, സ്വഹീഹ് ഇബ്നുമാജഃ 2/ 324 യിലും അൽബാനി സ്വഹീഹാക്കിയിരിക്കുന്നു.

[3] അബൂദാവൂദ്: 2/ 78, ഹദീസ് നം: 1488, തുർമുദി 5/ 577 ഹദീസ് നം: 3556, ഇബ്നുമാജഃ 2/1271 ഹദീസ് നം: 3865. ഇതിന്റെ പരമ്പര നല്ലതാണെന്ന് ഇബ്നുഹജർ പറഞ്ഞു. സ്വ

وقال -ﷺ-: «مَا مِنْ مُسْلِمٍ يَدْعُو بِدَعْوَةٍ لَيْسَ فِيهَا إِثْمٌ وَلَا قَطِيعَةُ رَحِمٍ، إِلَّا أَعْطَاهُ اللَّهُ بِهَا إِحْدَى ثَلَاثٍ: إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ، وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الْآخِرَةِ، وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا» قَالُوا: إِذًا نُكْثِرُ؟، قَالَ: «اللَّهُ أَكْثَرُ»

നബി -ﷺ- പറഞ്ഞു: "ഏതൊരു മുസ്ലിമും കുറ്റമോ കുടുംബ വിച്ഛേദമോ ഇല്ലാത്ത ഒരു പ്രാർത്ഥന അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണെങ്കിൽ അത് മുഖേന മൂന്നിലൊരു കാര്യം അല്ലാഹു അവന് നല്കാതിരിക്കില്ല. ഒന്നുങ്കിൽ അവന്റെ പ്രാർത്ഥനക്ക് ഉടനെ ഉത്തരം നൽകും. അല്ലെങ്കിൽ പരലോകത്തേക്ക് അവനുവേണ്ടി അതിനെ സൂക്ഷിച്ച് വെക്കും. അതുമല്ലങ്കിൽ അതുപോലുള്ള ഒരു തിന്മ അവനിൽ നിന്ന് തടയും."

അപ്പോൾ സ്വഹാബികൾ ചോദിച്ചു. നമ്മൾ അധികരിപ്പിക്കുകയാണങ്കിലോ? അപ്പോൾ പ്രവാചകർ പറഞ്ഞു. "അല്ലാഹു ഏറ്റവും അധികരിപ്പിക്കുന്നവനാകുന്നു." [12]

---

ഹീഹ് തുർമുദി 3/ 179 ൽ അൽബാനി സ്വഹീഹാക്കുകയും ചെയ്തിരിക്കുന്നു.

[1] തുർമുദി 5/ 566, 5/ 462 ഹദീസ് നം:3573, അഹ്മദ് 3/ 18 ഹദീസ് നം:11150. സ്വഹീഹുൽ ജാമിഉസ്സ്വഗീർ 5/116 ലും സ്വഹീഹ് തുർമുദി 3/ 140 ലും അൽബാനി ഈ ഹദീസ് സ്വഹീഹാക്കിയിരിക്കുന്നു.

[2] ഒറിജിനൽ കോപ്പിയിൽ നോക്കുക 3/ 863 – 926.

# പ്രാർത്ഥനയുടെ മര്യദകളും ഉത്തരം ലഭിക്കാനുള്ള കാരണങ്ങളും [1]

1- അല്ലാഹുവിനോട് മാത്രമായി, നിഷ്കളങ്കമായി പ്രാർഥിക്കുക.

2 - അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും അവനെ പ്രശംസിച്ചു കൊണ്ടും തുടങ്ങുക. പിന്നീട് നബിﷺക്കു വേണ്ടി അല്ലാഹുവിനോട് സ്വലാതിനെ ചോദിക്കുക. അവസാനിപ്പിക്കുന്നതും അങ്ങനെത്തന്നെയാവുക

3 - പ്രാർത്ഥക്ക് ഉത്തരം കിട്ടുമെന്ന ദൃഢ വിശ്വാസത്തോടെ പ്രാർത്ഥിക്കുക. കാര്യം ഉറപ്പിച്ചു ചോദിക്കുക. “അല്ലാഹുവേ നീ ഉദ്ദേശിക്കുന്നെങ്കിൽ നൽകേണമേ” എന്ന് പറയരുത്.

4. ആവർത്തിച്ചാവർത്തിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും ഉത്തരം കിട്ടാൻ ധൃതി കാണിക്കാതിരിക്കുകയും ചെയ്യുക.

5- മനഃസാന്നിദ്ധ്യത്തോടുകൂടി പ്രാർത്ഥിക്കുക.

---

[1] പ്രാർത്ഥനയുടെ മര്യാദകളും ഉത്തരം ലഭിക്കാനുള്ള കാരണങ്ങളും തെളിവുകളോടെ ഒറിജിനൽ കോപ്പിയിൽ നോക്കുക: 3/ 927– 975

6- സുഖത്തിലും പ്രയാസത്തിലും പ്രാർത്ഥിക്കുക

7- അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുക.

8 - കുടുംബത്തിനെതിരെയും മക്കൾക്കെതിരെയും സമ്പത്തിനെതിരെയും സ്വന്തത്തിനെതിരെയും പ്രാർത്ഥിക്കാതിരിക്കുക.

9 - പതിഞ്ഞ ശബ്ദത്തിൽ കൂടുതൽ ഉറക്കെയല്ലാതെ പ്രാർത്ഥിക്കുക

10 - കുറ്റം ഏറ്റ് സമ്മതിക്കുക. അതിൽ നിന്ന് പാപമോചനം തേടുക. അനുഗ്രഹം അംഗീകരിക്കുക. അതിൽ അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കുക.

11 - പ്രാർത്ഥിക്കുമ്പോൾ പ്രാസമൊപ്പിക്കാൻ മെനക്കെടാതിരിക്കുക

12 - വണക്കത്തോടുകൂടിയും ഭയഭക്തിയോടെയും പേടിയോടെയും ആഗ്രഹത്തോടുകൂടിയും പ്രാർത്ഥിക്കുക.

13 - തൗബ (പശ്ചാത്താപം) ചെയ്യുന്നതോടൊപ്പം, മറ്റുള്ളവരിൽനിന്നും അതിക്രമിച്ചു നേടിയത് തിരിച്ചുകൊടുക്കുകയും ചെയ്യുക.

14 - മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുക.

15 - ഖിബ്‌ലക്ക് നേരെ തിരിഞ്ഞു പ്രാർത്ഥിക്കുക

16 - പ്രാർത്ഥനയിൽ കരങ്ങൾ ഉയർത്തുക.

17 - കഴിയുമെങ്കിൽ പ്രാർത്ഥനക്ക് മുമ്പ് വുളൂഅ് ചെയ്യുക.

18 - പ്രാർത്ഥനയിൽ അതിര് കവിയാതിരിക്കുക

19. മറ്റൊരാൾക്ക് വേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ ആദ്യം തനിക്കുവേണ്ടി പ്രാർത്ഥിക്കുക. [1]

20 - അല്ലാഹുവിന്റെ ഉന്നതമായ വിശേഷണങ്ങളും നല്ല നാമങ്ങളെയും മുൻനിർത്തി പ്രാർത്ഥിക്കുക. പ്രാർത്ഥിക്കുന്നവൻ ചെയ്ത സ്വാലിഹായ ഒരു കർമ്മമോ മുൻനിർത്തി പ്രാർത്ഥിക്കുക. ജീവിച്ചിരിക്കുന്ന സച്ചരിതരായ വ്യക്തികളോട് മുഖാമുഖം പ്രാർത്ഥിക്കാൻ ആവശ്യപ്പെടുക എന്നതും അനുവദനീയമാണ്.

21 - വസ്ത്രം, ഭക്ഷണം, പാനീയം എന്നിവ ഹലാൽ (അനുവദനീയം) ആയിരിക്കുക

22 - കുടുംബ ബന്ധം വിച്ഛേദിക്കുന്ന കാര്യത്തിലോ കുറ്റകരമായ കാര്യത്തിലോ പ്രാർത്ഥിക്കാതിരിക്കുക.

23 - നന്മ കൽപിക്കുക, തിന്മ വിരോധിക്കുക.

24 - എല്ലാവിധ തെറ്റുകുറ്റങ്ങളിൽ നിന്നും അകന്നു നിൽക്കുക.

---

[1] അല്ലാഹുവിന്റെ റസൂൽ (ﷺ) തനിക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് തുടങ്ങിയതായും, അല്ലാതെയും സ്ഥിരപ്പെട്ടിട്ടുണ്ട്. അനസ്, ഇബ്നുഅബ്ബാസ്, ഇസ്മായീൽ നബിയുടെ ഉമ്മ തുടങ്ങിയവർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവിടുന്ന് ആദ്യം തനിക്കുവേണ്ടി പ്രാർത്ഥിച്ചിട്ടില്ല. കൂടുതൽ അറിയാൻ ഇമാം നവവിയുടെ ശറഹ് മുസ്ലിം 15/ 144, തുഹ്ഫത്തുൽ അഹ്വദി 9/ 328 , ഫത്ഹുൽ ബാരി 1/ 281 എന്നിവ അവലംബിക്കാവുന്നതാണ്.

# പ്രാർത്ഥന സ്വീകരിക്കപ്പെടുന്ന സ്ഥലങ്ങൾ, സമയങ്ങൾ, അവസ്ഥകൾ [1]

1 - ലൈലത്തുൽ ഖദ്ർ.

2 - രാത്രിയുടെ അവസാന ഭാഗം.

3 - ഫർദ് നമസ്കാരങ്ങളുടെ അവസാനം.

4 - ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിൽ.

5 - എല്ലാ രാത്രിയിൽ നിന്നുമുള്ള ഒരു സമയം.

6 - ഫർദ് നമസ്കാരത്തിലേക്ക് വിളിക്കുന്ന സമയം.

7 - മഴ വർഷിക്കുന്ന സന്ദർഭം.

8 - അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തിന് അണിയായി നിൽക്കുന്ന വേള.

9 - വെള്ളിയാഴ്ചയിലെ ഒരു നിശ്ചിത സമയം.

ഇക്കാര്യത്തിൽ പ്രബലമായ അഭിപ്രായം അത് വെള്ളിയാഴ്ച അസ്റിന്റെ അവസാന സമയമാണ് എന്നാണ്. അ

---

[1] പ്രാർത്ഥന സ്വീകരിക്കപ്പെടുന്ന സ്ഥലങ്ങൾ, സമയങ്ങൾ, അവസ്ഥകൾ എന്നിവ കൃത്യമായ തെളിവുകളുടെ ഒറിജിനൽ കോപ്പിയിൽ നോക്കുക 3/ 975 – 1117.

ല്ലെങ്കിൽ ജുമുഅഃ നമസ്കാരത്തിന്റെയും ഖുതുബയുടെ യും സന്ദർഭവുമാകാം.

10 - സത്യസന്ധമായ നിയ്യത്തോട് കൂടെ സംസം വെള്ളം കുടിക്കുമ്പോൾ.

11 - സുജൂദിൽ.

12 - രാത്രി ഉറക്കിൽ നിന്ന് ഉണരുകയും, അപ്പോഴുള്ള സ്ഥിരപ്പെട്ട പ്രാർത്ഥന പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ.

13 - ശുദ്ധിയോട് കൂടി ഉറങ്ങി രാത്രി എഴുന്നേറ്റ് ന ടത്തുന്ന പ്രാർത്ഥന.

4 - لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ (നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനാ യിരിക്കുന്നു). എന്നത് കൊണ്ട് പ്രാർത്ഥിക്കുമ്പോൾ.

15 - ഒരാൾ മരണപ്പെട്ടാൽ ഉടനെ ആളുകൾ നടത്തുന്ന പ്രാർത്ഥന.

16. അവസാനത്തെ അത്തഹിയ്യാത്തിൽ അല്ലാഹുവിനെ പുകഴ്ത്തലും നബി(ﷺ)യുടെ പേരിൽ സ്വലാത്തും നടത്തിയ തിനു ശേഷമുള്ള പ്രാർത്ഥന.

17 - അവകൊണ്ട് ചോദിക്കപ്പെട്ടാൽ ഉത്തരം നൽകപ്പെ ടുകയും, പ്രാർത്ഥിക്കപ്പെട്ടാൽ ഉത്തരം ചെയ്യപ്പെടുകയും

ചെയ്യുന്ന അല്ലാഹുവിന്റെ ഉന്നതമായ നാമങ്ങളെ കൊണ്ട് നടത്തുന്ന പ്രാർത്ഥന. [1]

18 - ഒരു മുസ്ലിം തന്റെ മുസ്ലിം സഹോദരന് വേണ്ടി അവന്റെ അഭാവത്തിൽ നടത്തുന്ന പ്രാർത്ഥന.

19 - അറഫാ ദിവസം അറഫയിൽ വെച്ച് നടത്തുന്ന പ്രാർത്ഥന.

20 - റമദാൻ മാസത്തിൽ നടത്തുന്ന പ്രാർത്ഥന.

21 - ദിക്റിന്റെ സദസ്സുകളിൽ മുസ്ലിംകൾ സംഗമിക്കുമ്പോഴുള്ള പ്രാർത്ഥന.

22 - إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ، اللَّهُمَّ أْجُرْنِي فِي مُصِيبَتِي ، وَأَخْلِفْ لِي خَيْرًا مِنْهَا (തീർച്ചയായും നാം അല്ലാഹുവിനുള്ളതാകുന്നു. അവനിലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു, അല്ലാഹുവെ എന്റെ പ്രയാസത്തിന് എനിക്ക് പ്രതിഫലം നൽകേണമേ, ഇതിനേക്കാൾ നല്ലതിനെ എനിക്ക് പകരം നൽകേണമേ) എന്ന ബുദ്ധിമുട്ടിന്റെ സമയങ്ങളിലുള്ള പ്രാർത്ഥന.

23 - ഹൃദയം അല്ലാഹുവിലേക്ക് അടുക്കുമ്പോഴും ഏറ്റവും നിഷ്കളങ്കമായ സന്ദർഭത്തിലും നടത്തുന്ന പ്രാർത്ഥന.

24 - അക്രമിക്കപ്പെട്ടവൻ അക്രമിക്കെതിരെ നടത്തുന്ന പ്രാർത്ഥന.

25 - മാതാപിതാക്കൾ തന്റെ സന്തതികൾക്ക് വേണ്ടിയോ എതിരായോ നടത്തുന്ന പ്രാർത്ഥന.

---

[1] അല്ലാഹുവിന്റെ ഉന്നതമായ നാമങ്ങൾ ഈ ഗ്രന്ഥത്തിലെ ഹദീസ് നമ്പർ 203,104, 105ലും പരിശോധിക്കുക.

26 - യാത്രക്കാരന്റെ പ്രാർത്ഥന.

27 - നോമ്പുകാരൻ നോമ്പ് മുറിക്കുന്നത് വരെ പ്രാർത്ഥിക്കുന്ന പ്രാർത്ഥന.

28 - നോമ്പ് മുറിക്കുമ്പോൾ നോമ്പുകാരൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥന.

29 - ഗതികെട്ടവന്റെ പ്രാർത്ഥന (നിർബന്ധിതാവസ്ഥയിലുള്ള പ്രാർത്ഥന).

30 - നീതിമാനായ ഭരണാധികാരിയുടെ പ്രാർത്ഥന.

31 - നന്മ ചെയ്യുന്ന സന്തതി തന്റെ മാതപിതാക്കൾക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന.

32 - വുദൂഇന്ന് ശേഷം സ്ഥിരപ്പെട്ടുവന്നിട്ടുള്ള പ്രാർത്ഥന.

33 -ചെറിയ ജംറയെ കല്ലെറിഞ്ഞതിനുശേഷമുള്ള പ്രാർത്ഥന.

34 - മദ്ധ്യത്തിലുള്ള ജംറയെ കല്ലെറിഞ്ഞതിനു ശേഷമുള്ള പ്രാർത്ഥന.

35 - കഅ്ബക്കുള്ളിൽ നിന്നു നടത്തുന്ന പ്രാർത്ഥന (ഹിജ്റിന്റെ (ഹിജ്റ് ഇസ്മാഈൽ) ഉള്ളിൽ നിന്ന് നിസ്കരിച്ചാൽ അത് കഅ്ബക്കുള്ളിലാകുന്നു).

36 - സ്വഫയിൽ നിന്നുള്ള പ്രാർത്ഥന.

37 - മർവയിൽ നിന്നുള്ള പ്രാർത്ഥന.

38 - മസ്ജിദുൽ ഹറമിൽ നിന്നുള്ള പ്രാർത്ഥന.

സത്യവിശ്വാസി എവിടെയായാലും എപ്പോഴും അല്ലാഹു വിനോട് പ്രാർത്ഥിക്കേണ്ടവനാണ്.

അല്ലാഹു പറയുന്നു:

﴿وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ۝١٨٦﴾ [البقرة: 186]

"എന്റെ ദാസന്മാർ എന്നെ കുറിച്ച് താങ്കളോട് ചോദിച്ചാൽ, നിശ്ചയം ഞാൻ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിച്ചാൽ അവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം ചെയ്യുന്നതാണ്. അതിനാൽ അവർ എനിക്ക് ഉത്തരം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാം." [1]

എന്നാൽ മേൽ പറഞ്ഞ സന്ദർഭങ്ങളും സമയങ്ങളും സ്ഥലങ്ങളും പ്രത്യേകം പരിഗണ നൽകപ്പെടേണ്ടതാണ്.

---

[1] ബഖറ: 186.

# ഖുർആനിലും സുന്നത്തിലും വന്ന പ്രാർത്ഥനകൾ

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്ന്. അവന്റെ ദൂതരിൽ അന്തിമനായ മുഹമ്മദ് നബിﷺയിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അളവറ്റ കരുണാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

﴿بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٢ ٱلرَّحۡمَٰنِ ٱلرَّحِيمِ ٣ مَٰلِكِ يَوۡمِ ٱلدِّينِ ٤ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ٥ ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ٦ صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ٧﴾ [الفاتحة: 1-7]

1- "പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. സ്തുതികൾ മുഴുവനും സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു. പരമകാരുണികനും കരുണാനിധിയുമായ, പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു ഞങ്ങളെ നീ നേർമാർഗത്തിൽ നയിക്കേണമേ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ.

കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല." [1]

﴿رَبَّنَا تَقَبَّلۡ مِنَّآۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ١٢٧﴾ [البقرة: 127]

2- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീ (ഇത്) സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു." [2]

﴿ وَتُبۡ عَلَيۡنَآۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ١٢٨﴾ [البقرة: 128]

3- "ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു." [3]

﴿رَبَّنَآ ءَاتِنَا فِي ٱلدُّنۡيَا حَسَنَةٗ وَفِي ٱلۡأٓخِرَةِ حَسَنَةٗ وَقِنَا عَذَابَ ٱلنَّارِ ٢٠١﴾ [البقرة: 201]

4- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ." [4]

---

[1] ഫാതിഹ: 1-7.

[2] ബഖറ: 127.

[3] ബഖറ: 128.

[4] ബഖറ: :201.

﴿سَمِعْنَا وَأَطَعْنَا ۖ غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ﴿٢٨٥﴾﴾ [البقرة: 285]

5- "ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം." [1]

﴿رَبَّنَا لَا تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ۖ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا ۚ أَنتَ مَوْلَانَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ ﴿٢٨٦﴾﴾ [البقرة: 286]

6- "ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് അബദ്ധം പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് (നിന്നെയും നിന്റെ ദീനിനെയും) നിഷേധിച്ചവരായ ജനതക്കെതിരിൽ നീ ഞങ്ങളെ സഹായിക്കേണമേ." [2]

---

[1] ബഖറ: 285.

[2] ബഖറ: 286.

﴿رَبَّنَا لَا تُزِغۡ قُلُوبَنَا بَعۡدَ إِذۡ هَدَيۡتَنَا وَهَبۡ لَنَا مِن لَّدُنكَ رَحۡمَةًۚ إِنَّكَ أَنتَ ٱلۡوَهَّابُ ٨﴾ [آل عمران: 8]

7- "ഞങ്ങളുടെ റബ്ബേ! ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു." [1]

﴿رَبَّنَآ إِنَّنَآ ءَامَنَّا فَٱغۡفِرۡ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ١٦﴾ [آل عمران: 16]

8- "ഞങ്ങളുടെ റബ്ബേ! ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും, നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ." [2]

﴿رَبِّ هَبۡ لِي مِن لَّدُنكَ ذُرِّيَّةً طَيِّبَةًۖ إِنَّكَ سَمِيعُ ٱلدُّعَآءِ ٣٨﴾ [آل عمران: 38]

9- "എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ." [3]

---

[1] ആലുഇംറാൻ: 8.

[2] ആലുഇംറാൻ: 16.

[3] ആലുഇംറാൻ: 38.

﴿رَبَّنَآ ءَامَنَّا بِمَآ أَنزَلۡتَ وَٱتَّبَعۡنَا ٱلرَّسُولَ فَٱكۡتُبۡنَا مَعَ ٱلشَّٰهِدِينَ ٥٣﴾ [آل عمران: 53]

10- "ഞങ്ങളുടെ റബ്ബേ! നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും, (നിന്റെ) ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ." [1]

﴿رَبَّنَا ٱغۡفِرۡ لَنَا ذُنُوبَنَا وَإِسۡرَافَنَا فِيٓ أَمۡرِنَا وَثَبِّتۡ أَقۡدَامَنَا وَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ١٤٧﴾ [آل عمران: 147]

11- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും, ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു നിർത്തുകയും, സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ." [2]

﴿رَبَّنَا مَا خَلَقۡتَ هَٰذَا بَٰطِلٗا سُبۡحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ١٩١ رَبَّنَآ إِنَّكَ مَن تُدۡخِلِ ٱلنَّارَ فَقَدۡ أَخۡزَيۡتَهُۥۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ ١٩٢ رَّبَّنَآ إِنَّنَا سَمِعۡنَا مُنَادِيٗا يُنَادِي لِلۡإِيمَٰنِ أَنۡ ءَامِنُواْ بِرَبِّكُمۡ فَـَٔامَنَّاۚ رَبَّنَا فَٱغۡفِرۡ لَنَا ذُنُوبَنَا وَكَفِّرۡ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلۡأَبۡرَارِ ١٩٣ رَبَّنَا

[1] ആലുഇംറാൻ: 53.

[2] ആലുഇംറാൻ: 147.

وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخۡزِنَا يَوۡمَ ٱلۡقِيَٰمَةِۗ إِنَّكَ لَا تُخۡلِفُ ٱلۡمِيعَادَ ﴿١٩٤﴾ [آل عمران: 191-194]

12- "ഞങ്ങളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ.

ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ലതാനും.

ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ' എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിൻമകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാൻമാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതൻമാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച." [1]

---

[1] ആലുഇംറാൻ: 191 – 194.

﴿رَبَّنَآ ءَامَنَّا بِمَآ أَنزَلۡتَ وَٱتَّبَعۡنَا ٱلرَّسُولَ فَٱكۡتُبۡنَا مَعَ ٱلشَّٰهِدِينَ ٥٣﴾ [آل عمران: 53]

13- "ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യ സാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ." [1]

﴿رَبَّنَا ظَلَمۡنَآ أَنفُسَنَا وَإِن لَّمۡ تَغۡفِرۡ لَنَا وَتَرۡحَمۡنَا لَنَكُونَنَّ مِنَ ٱلۡخَٰسِرِينَ ٢٣﴾ [الأعراف: 23]

14- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടംപറ്റിയവരുടെ കൂട്ടത്തിലായിരിക്കും." [2]

﴿رَبَّنَا لَا تَجۡعَلۡنَا مَعَ ٱلۡقَوۡمِ ٱلظَّٰلِمِينَ ٤٧﴾ [الأعراف: 47]

15- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ടത്തിലാക്കരുതേ." [3]

---

[1] മാഇദ: 83.

[2] അഅ്റാഫ്: 23.

[3] അഅ്റാഫ്: 47.

﴿أَنتَ وَلِيُّنَا فَٱغۡفِرۡ لَنَا وَٱرۡحَمۡنَاۖ وَأَنتَ خَيۡرُ ٱلۡغَٰفِرِينَ ١٥٥ وَٱكۡتُبۡ لَنَا فِي هَٰذِهِ ٱلدُّنۡيَا حَسَنَةٗ وَفِي ٱلۡأٓخِرَةِ إِنَّا هُدۡنَآ إِلَيۡكَۚ﴾ [الأعراف: 155-156]

16- ″അല്ലാഹുവേ, നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് പൊറുക്കുന്നവരിൽ ഉത്തമൻ. ഇഹലോകത്തും പരലോകത്തും ഞങ്ങൾക്ക് നീ നൻമ രേഖപ്പെടുത്തുകയും (വിധിക്കുകയും) ചെയ്യേണമേ.″ [1]

﴿حَسۡبِيَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَۖ عَلَيۡهِ تَوَكَّلۡتُۖ وَهُوَ رَبُّ ٱلۡعَرۡشِ ٱلۡعَظِيمِ ١٢٩﴾ [التوبة: 129]

17- "എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ റബ്ബ്." [2]

﴿عَلَى ٱللَّهِ تَوَكَّلۡنَا رَبَّنَا لَا تَجۡعَلۡنَا فِتۡنَةٗ لِّلۡقَوۡمِ ٱلظَّٰلِمِينَ ٨٥ وَنَجِّنَا بِرَحۡمَتِكَ مِنَ ٱلۡقَوۡمِ ٱلۡكَٰفِرِينَ ٨٦﴾ [يونس: 85-86]

18- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനവിഭാഗത്തിന്റെ മർദ്ദനത്തിന് ഇരയാക്കരുതേ.

---

[1] അഅ്റാഫ്: 155- 156.

[2] തൗബ: 129.

നിന്റെ കാരുണ്യം കൊണ്ട് കാഫിറുകളായ ഈ ജനതയിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ." [1]

﴿رَبِّ إِنِّيٓ أَعُوذُ بِكَ أَنْ أَسْـَٔلَكَ مَا لَيْسَ لِي بِهِۦ عِلْمٌۖ وَإِلَّا تَغْفِرْ لِي وَتَرْحَمْنِيٓ أَكُن مِّنَ ٱلْخَٰسِرِينَ ﴿٤٧﴾﴾ [هود: 47]

19- "എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും, നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും." [2]

﴿فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ أَنتَ وَلِيِّۦ فِي ٱلدُّنْيَا وَٱلْأٓخِرَةِۖ تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِٱلصَّٰلِحِينَ ﴿١٠١﴾﴾ [يوسف: 101]

20- "ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവായ അല്ലാഹുവേ, നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ." [3]

﴿رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِي وَبَنِيَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾﴾ [إبراهيم: 35]

---

[1] യൂനുസ്: 85 – 86.

[2] ഹൂദ്: 47.

[3] യൂസുഫ്: 101, കൂടുതൽ അറിവിന് ഇബ്നുൽ ഖയ്യിമിന്റെ അൽ ഫവാഇദ് പേജ്: 436, 437 നോക്കുക.

21. "എന്റെ രക്ഷിതാവേ, നീ ഈ നാടിനെ നിർഭയത്വമു ള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ." [1]

﴿رَبِّ ٱجۡعَلۡنِي مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِيۚ رَبَّنَا وَتَقَبَّلۡ دُعَآءِ ٤٠﴾ [إبراهيم: 40]

22- "എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്ര കാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളി ൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ ര ക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേ ണമേ." [2]

﴿رَبَّنَا ٱغۡفِرۡ لِي وَلِوَٰلِدَيَّ وَلِلۡمُؤۡمِنِينَ يَوۡمَ يَقُومُ ٱلۡحِسَابُ ٤١﴾ [إبراهيم: 41]

23- "ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരു ന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യ വിശ്വാസികൾക്കും നീ പൊറുത്തു തരേണമേ." [3]

﴿رَبَّنَآ ءَاتِنَا مِن لَّدُنكَ رَحۡمَةٗ وَهَيِّئۡ لَنَا مِنۡ أَمۡرِنَا رَشَدٗا ١٠﴾ [الكهف: 10]

24- "ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം

---

[1] ഇബ്രാഹീം: 35.
[2] ഇബ്രാഹീം: 40.
[3] ഇബ്രാഹീം: 41.

നേരാംവണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ." [1]

﴿قَالَ رَبِّ ٱشۡرَحۡ لِي صَدۡرِي ٢٥ وَيَسِّرۡ لِيٓ أَمۡرِي ٢٦ وَٱحۡلُلۡ عُقۡدَةٗ مِّن لِّسَانِي ٢٧ يَفۡقَهُواْ قَوۡلِي ٢٨﴾ [طه: 25-28]

25- "എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്ത രേണമേ ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിന് എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ച് തരേണമേ." [2]

﴿رَّبِّ زِدۡنِي عِلۡمٗا ١١٤﴾ [طه: 114]

26- "എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധി പ്പിച്ചു തരേണമേ." [3]

﴿لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ ٨٧﴾ [الأنبياء: 87]

27- "നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂ ട്ടത്തിൽ പെട്ടവനായിരിക്കുന്നു." [4]

﴿رَبِّ لَا تَذَرۡنِي فَرۡدٗا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ٨٩﴾ [الأنبياء: 89]

---

[1] കഹ്ഫ്:10.

[2] ത്വാഹാ: 25 – 28.

[3] ത്വാഹാ: 114.

[4] അമ്പിയാഅ്: 87.

28- "എന്റെ രക്ഷിതാവേ, നീ എന്നെ ഏകനായി (പിന്തുട ർച്ചക്കാരില്ലാതെ) വിടരുതേ. നീയാണല്ലോ അനന്തരാവകാ ശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ." [1]

﴿ رَّبِّ أَعُوذُ بِكَ مِنۡ هَمَزَٰتِ ٱلشَّيَٰطِينِ ۝٩٧ وَأَعُوذُ بِكَ رَبِّ أَن يَحۡضُرُونِ ۝٩٨﴾ [المؤمنون: 97-98]

29 - "എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധന ങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ (പി ശാചുക്കൾ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽ നി ന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു." [2]

﴿ رَبَّنَآ ءَامَنَّا فَٱغۡفِرۡ لَنَا وَٱرۡحَمۡنَا وَأَنتَ خَيۡرُ ٱلرَّٰحِمِينَ ۝١٠٩﴾ [المؤمنون: 109]

30- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരി ക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ ക രുണ ചെയ്യുന്നവരിൽ ഉത്തമനാണല്ലോ." [3]

﴿رَّبِّ ٱغۡفِرۡ وَٱرۡحَمۡ وَأَنتَ خَيۡرُ ٱلرَّٰحِمِينَ ۝١١٨﴾ [المؤمنون: 118]

---

[1] അമ്പിയാഅ്: 89.

[2] മുഅ്മിനൂൻ: 97- 98.

[3] മുഅ്മിനൂൻ: 109.

31- "എന്റെ രക്ഷിതാവേ, നീ പൊറുത്തു തരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ." [1]

﴿رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَۖ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾ إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾﴾ [الفرقان: 65-66]

32- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു." [2]

﴿وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾﴾ [الفرقان: 74]

33- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ." [3]

---

[1] മുഅ്മിനൂൻ: 118.

[2] ഫുർഖാൻ : 65-66.

[3] ഫുർഖാൻ : 74.

﴿رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِٱلصَّٰلِحِينَ ۝٨٣ وَٱجْعَل لِّي لِسَانَ صِدْقٍ فِي ٱلْآخِرِينَ ۝٨٤ وَٱجْعَلْنِي مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ۝٨٥﴾ [الشعراء: 83-85]

34- "എന്റെ രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ എന്നെ നീ സുഖസമ്പൂർണ്ണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ." [1]

﴿وَلَا تُخْزِنِي يَوْمَ يُبْعَثُونَ ۝٨٧ يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ۝٨٨ إِلَّا مَنْ أَتَى ٱللَّهَ بِقَلْبٍ سَلِيمٍ ۝٨٩﴾ [الشعراء: 87-89]

35- "അവർ (മനുഷ്യർ) ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ." [2]

﴿رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ ٱلَّتِي أَنْعَمْتَ عَلَيَّ وَعَلَىٰ وَٰلِدَيَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ ۝١٩﴾ [النمل: 19]

---

[1] ശുഅറാഅ് : 83-85.

[2] ശുഅറാഅ് : 87-89.

36- "എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്'വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടുത്തുകയും ചെയ്യേണമേ." [1]

﴿رَبِّ إِنِّي ظَلَمْتُ نَفْسِي فَٱغْفِرْ لِي ﴾ [القصص: 16]

37- "എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ." [2]

﴿رَبِّ نَجِّنِي مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٢١﴾﴾ [القصص: 21]

38- "എന്റെ രക്ഷിതാവേ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ." [3]

﴿عَسَىٰ رَبِّيٓ أَن يَهْدِيَنِي سَوَآءَ ٱلسَّبِيلِ ﴿٢٢﴾﴾ [القصص: 22]

39- "എന്റെ രക്ഷിതാവ് ശരിയായ മാർഗത്തിലേക്ക് എന്നെ നയിച്ചേക്കാം." [4]

﴿رَبِّ إِنِّي لِمَآ أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ ﴿٢٤﴾﴾ [القصص: 24]

---

[1] നംല് :19.

[2] ഖസ്വസ് :16.

[3] ഖസ്വസ് :21.

[4] ഖസ്വസ് :22.

40- "എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നൻമയ്ക്കും ഞാൻ ആവശ്യക്കാരനാകുന്നു." [1]

﴿رَبِّ ٱنصُرۡنِي عَلَى ٱلۡقَوۡمِ ٱلۡمُفۡسِدِينَ ۝٣٠﴾ [العنكبوت: 30]

41- "എന്റെ രക്ഷിതാവേ, കുഴപ്പക്കാരായ ഈ ജനതക്കെതിരിൽ എന്നെ നീ സഹായിക്കണമേ." [2]

﴿رَبِّ هَبۡ لِي مِنَ ٱلصَّٰلِحِينَ ۝١٠٠﴾ [الصافات: 100]

42- "എന്റെ രക്ഷിതാവേ, സദ്'വൃത്തരിൽ പെട്ടവരെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ." [3]

﴿رَبِّ أَوۡزِعۡنِيٓ أَنۡ أَشۡكُرَ نِعۡمَتَكَ ٱلَّتِيٓ أَنۡعَمۡتَ عَلَيَّ وَعَلَىٰ وَٰلِدَيَّ وَأَنۡ أَعۡمَلَ صَٰلِحٗا تَرۡضَىٰهُ وَأَصۡلِحۡ لِي فِي ذُرِّيَّتِيٓۖ إِنِّي تُبۡتُ إِلَيۡكَ وَإِنِّي مِنَ ٱلۡمُسۡلِمِينَ ۝١٥﴾ [الأحقاف: 15]

43- "എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു.

---

[1] ഖസ്വസ് :24.

[2] അൻകബൂത്ത്: 30.

[3] സ്വാഫ്ഫാത്ത് :100.

തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു." [1]

﴿رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ١٠﴾ [الحشر: 10]

44- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു." [2]

﴿رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ٤﴾ [الممتحنة: 4]

45- "ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിന്നിലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിന്നിലേക്ക് തന്നെയാണ് തിരിച്ചുവരവ്." [3]

﴿رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ لَنَا رَبَّنَآ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ٥﴾ [الممتحنة: 5]

---

[1] അഹ്ഖാഫ് :15.

[2] ഹശ്ർ: 10.

[3] മുംതഹിന: 4.

46- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും." [1]

﴿رَبَّنَآ أَتۡمِمۡ لَنَا نُورَنَا وَٱغۡفِرۡ لَنَآۖ إِنَّكَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٨﴾ [التحريم: 8]

47- "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ച് തരികയും, ഞങ്ങൾക്കു നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു." [2]

﴿رَّبِّ ٱغۡفِرۡ لِي وَلِوَٰلِدَيَّ وَلِمَن دَخَلَ بَيۡتِيَ مُؤۡمِنٗا وَلِلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِۖ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا تَبَارَۢا ٢٨﴾ [نوح: 28]

48- "എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തു തരേണമേ." [3]

---

[1] മുംതഹിന: 5.

[2] തഹ്‌രീം: 8.

[3] നൂഹ്: 28.

«اللَّهُمَّ اهْدِنِي لِمَا اخْتُلِفَ فِيهِ مِنَ الْحَقِّ بِإِذْنِكَ، إِنَّكَ تَهْدِي مَنْ تَشَاءُ إِلَى صِرَاطٍ مُسْتَقِيمٍ»

49- "അല്ലാഹുവേ, ആളുകൾ ഭിന്നിച്ച വിഷയത്തിൽ എനിക്ക് നിന്റെ അനുവാദത്താൽ സത്യത്തിലേക്ക് നേർവഴി നീ കാണിക്കേണമേ. തീർച്ചയായും നീ ഉദ്ദേശിക്കുന്നവരെ നേരായ മാർഗ്ഗത്തിലേക്ക് നീ വഴി നടത്തുന്നു." [1]

«اللَّهُمَّ آتِنِي الحِكْمَةَ الَّتِي مَنْ أُوتِيهَا فَقَدْ أُوتِيَ خَيْرًا كَثِيرًا»

50- "അല്ലാഹുവേ, എനിക്ക് ജ്ഞാനം നൽകേണമേ. ആർക്കാണോ ജ്ഞാനം ലഭിക്കുന്നത് അയാൾക്ക് ധാരാളം നന്മകൾ ലഭിക്കുന്നു." [2]

«اللَّهُمَّ ثَبِّتْنِي بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ»

51- "അല്ലാഹുവേ, ഐഹികജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് എന്നെ ഉറപ്പിച്ച് നിർത്തേണമേ." [3]

«اللَّهُمَ حَبِّبْ إِلَيْنَا الْإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ»

---

[1] ബഖറ: 213 ൽ നിന്ന് സ്വാംശീകരിച്ച ദുആ.

[2] ബഖറ: 269 ൽ നിന്ന് സ്വാംശീകരിച്ച ദുആ.

[3] സൂറഃ ഇബ്റാഹീം: 27 ൽ നിന്ന് സ്വാംശീകരിച്ച ദുആ.

52- "അല്ലാഹുവേ, ഈമാനിനെ ഞങ്ങൾക്ക് നീ പ്രിയങ്കരമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങൾക്ക് അതൊരു അലങ്കാരമാക്കുകയും ചെയ്യേണമേ. അവിശ്വാസവും അധർമവും അനുസരണക്കേടും ഞങ്ങൾക്ക് നീ അനിഷ്ടകരമാക്കിത്തീർക്കുകയും ഞങ്ങളെ നീ സന്മാർഗികളാക്കി തീർക്കുകയും ചെയ്യേണമേ." [1]

«اللَّهُمَّ قِنِي شُحَّ نَفْسِي وَاجْعَلْنِي مِنَ الْمُفْلِحِينَ»

53- "അല്ലാഹുവേ, എന്റെ മനസ്സിന്റെ പിശുക്കിൽ നിന്നും എന്നെ നീ കാത്തുരക്ഷിക്കുകയും വിജയികളിൽ ചേർക്കുകയും ചെയ്യേണമേ." [2]

«اللّٰهُمَّ آتِنَا فِي الدُّنْيَا حَسَنَةً، وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ»

54- "അല്ലാഹുവേ, ഇഹത്തിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ. പരത്തിൽ ഞങ്ങൾക്ക് നന്മ നൽകുകയും നരകശിക്ഷയിൽ നിന്നും ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ." [3]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ، وَفِتْنَةِ الْقَبْرِ، وَعَذَابِ الْقَبْرِ، وَشَرِّ فِتْنَةِ الْغِنَى، وَشَرِّ فِتْنَةِ الْفَقْرِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ، اللَّهُمَّ اغْسِلْ قَلْبِي بِمَاءِ الثَّلْجِ

---

[1] ഹുജറാത്ത് - 7 ൽ നിന്ന് സ്വാംശീകരിച്ച ദുആ.

[2] സൂറഃ തഗാബുൻ - 16 ൽ നിന്ന് സ്വാംശീകരിച്ച ദുആ.

[3] ബുഖാരി: 4522, 6389, മുസ്ലിം: 2690.

وَالْبَرَدِ، وَنَقِّ قَلْبِي مِنْ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الْأَبْيَضَ مِنْ الدَّنَسِ، وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ. اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْكَسَلِ وَالْمَأْثَمِ وَالْمَغْرَمِ»

55- "അല്ലാഹുവേ, നരകത്തിന്റെ പരീക്ഷണങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും, ഖബ്റിന്റെ പരീക്ഷണങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും, ധനത്തിന്റെയും ദാരിദ്ര്യത്തിന്റെയും പരീക്ഷണത്തിന്റെ ദോഷത്തിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. അല്ലാഹുവേ, മസീഹു ദ്ദജ്ജാലിന്റെ കുഴപ്പങ്ങൾ കൊണ്ടുണ്ടാകുന്ന ദോഷത്തിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. അല്ലാഹുവേ,തണുത്തുറഞ്ഞ വെള്ളം കൊണ്ടും മഞ്ഞുകൊണ്ടും എന്റെ ഹൃദയത്തെ നീ വിമലീകരിക്കേണമേ. അഴുക്കിൽ നിന്നും വെള്ളവസ്ത്രം നീ ശുദ്ധമാക്കിയത് പോലെ എന്റെ ഹൃദയത്തെ പാപങ്ങളിൽ നിന്നും നീ ശുദ്ധമാക്കേണമേ. ഉദയാസ്തമയ സ്ഥാനങ്ങളെ തമ്മിൽ നീ അകറ്റിയത് പോലെ എന്നെയും എന്റെ പാപങ്ങളെയും തമ്മിൽ നീ അകറ്റേണമേ. അല്ലാഹുവേ, അലസതയിൽ നിന്നും പാപങ്ങളിൽ നിന്നും കടബാധ്യതയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ، وَالْكَسَلِ، وَالْجُبْنِ، وَالْهَرَمِ، والْبُخْلِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ»

[1] ബുഖാരി: 832, മുസ്ലിം: 589.

56- "അല്ലാഹുവേ, ബലഹീനത, അലസത, ഭീരുത്വം, വാർദ്ധക്യം, ലുബ്ധത തുടങ്ങിയവയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. ഖബ്റ് ശിക്ഷയിൽ നിന്നും ജീവിതത്തിന്റേയും മരണത്തിന്റേയും പരീക്ഷണങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവലിനെ തേടുന്നു." [1]

«اللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ، وَدَرَكِ الشَّقَاءِ، وَسُوءِ الْقَضَاءِ، وَشَمَاتَةِ الْأَعْدَاءِ»

57- "അല്ലാഹുവേ, പരീക്ഷണങ്ങളുടെ കഷ്ടതയിൽ നിന്നും, ദൗർഭാഗ്യം നേരിടേണ്ടി വരുന്നതിൽനിന്നും, വിധിയുടെ തിന്മയിൽ നിന്നും ശത്രുക്കളുടെ ആഹ്ളാദത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു." [2]

اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي، وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي، وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ، وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ

58- "അല്ലാഹുവേ, എന്റെ രക്ഷാകവചമായ ദീനിനെ നീ നന്നാക്കി തീർക്കേണമേ. എന്റെ ഉപജീവനമായ ഇഹലോ

---

[1] ബുഖാരി: 2823, മുസ്ലിം: 2706.

[2] ബുഖാരി: 6347, മുസ്ലിം: 2707. "നബി (ﷺ) പരീക്ഷണങ്ങളുടെ കഷ്ടതയിൽ നിന്നും, നാശത്തിന്റെ ദുര്യോഗത്തിൽ നിന്നും വിധിയുടെ തിന്മയിൽ നിന്നും ശത്രുക്കളുടെ ആഹ്ളാദത്തിൽ നിന്നും രക്ഷ തേടാറുണ്ടായിരുന്നു" എന്നാണ് മുസ്ലിം ഉദ്ധരിച്ചത്.

കവും മടക്കസ്ഥാനമായ പരലോകവും നീ നന്നാക്കി തീർക്കേണമേ. എന്റെ ജീവിതത്തിലുടനീളം നന്മകൾ നീ വർദ്ധിപ്പിക്കേണമേ. എന്റെ മരണത്തെ എനിക്ക് എല്ലാ ദോഷങ്ങളിൽ നിന്നുമുള്ള ആശ്വാസമാക്കേണമേ." [1]

«اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى، وَالتُّقَى، وَالْعَفَافَ، وَالْغِنَى»

59- "അല്ലാഹുവേ, സന്മാർഗവും സൂക്ഷ്മതയും വിശുദ്ധിയും ഐശ്വര്യവും നിന്നോട് ഞാൻ ചോദിക്കുന്നു." [2]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ، وَالْكَسَلِ، وَالْجُبْنِ، وَالْبُخْلِ، وَالْهَرَمِ، وَعَذَابِ الْقَبْرِ، اللَّهُمَّ آتِ نَفْسِي تَقْوَاهَا، وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا، أَنْتَ وَلِيُّهَا وَمَوْلَاهَا، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ، وَمِنْ قَلْبٍ لَا يَخْشَعُ، وَمِنْ نَفْسٍ لَا تَشْبَعُ، وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا»

60- "അല്ലാഹുവേ, ബലഹീനത, അലസത, ഭീരുത്വം, പിശുക്ക്, വാർധക്യം, ഖബ്ർ ശിക്ഷ തുടങ്ങിയവയിൽ നിന്നെല്ലാം ഞാൻ നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ, എന്റെ മനസ്സിന് സൂക്ഷ്മതാബോധം നൽകുകയും സംസ്കരിക്കുകയും ചെയ്യേണമേ. നീയാണല്ലോ ഏറ്റവും നന്നായി അതിനെ സംസ്കരിക്കുന്നവനും അതിന്റെ രക്ഷകനും ഉടമസ്ഥനും. അല്ലാഹുവേ, പ്രയോജനമില്ലാത്ത വിജ്ഞാനത്തിൽ നിന്നും, ഭയമുണ്ടാകാത്ത ഹൃദയത്തിൽ നിന്നും, മതിവ

[1] മുസ്ലിം: 2720.
[2] മുസ്ലിം: 2721.

രാത്ത മനസ്സിൽ നിന്നും ഉത്തരം കിട്ടാത്ത പ്രാർത്ഥനയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു." [1]

«اللَّهُمَّ اهْدِنِي وَسَدِّدْنِي، اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالسَّدَادَ»

61- "അല്ലാഹുവേ, എന്നെ സന്മാർഗ്ഗത്തിലും ശരിയായ നിലപാടിലുമാക്കേണമേ. അല്ലാഹുവേ, സന്മാർഗവും ശരി യായ നിലപാടും ഞാൻ നിന്നോട് ചോദിക്കുന്നു." [2]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ، وَتَحَوُّلِ عَافِيَتِكَ، وَفُجَاءَةِ نِقْمَتِكَ، وَجَمِيعِ سَخَطِكَ»

62- "അല്ലാഹുവേ, നീ നൽകിയ അനുഗ്രഹങ്ങളും സുഖ സൗകര്യങ്ങളും ഇല്ലാതാകുന്നതിൽ നിന്നും, പെട്ടെന്നുള്ള നിന്റെ ശിക്ഷാനടപടിയിൽ നിന്നും, നിന്റെ മുഴുവൻ കോപ ങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു." [3]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ، وَمِنْ شَرِّ مَا لَمْ أَعْمَلْ»

63- "അല്ലാഹുവേ, ഞാൻ പ്രവർത്തിച്ചതിന്റെ ദോഷത്തി ൽ നിന്നും, പ്രവർത്തിക്കാത്തതിന്റെ ദോഷത്തിൽ നിന്നും നിന്നോട് കാവലിനെ ചോദിക്കുന്നു." [4]

---

[1] മുസ്ലിം: 2722.
[2] മുസ്ലിം: 2725.
[3] മുസ്ലിം: 2739.
[4] മുസ്ലിം: 2716.

«اللَّهُمَّ أَكْثِرْ مَالِي، وَوَلَدِي، وَبَارِكْ لِي فِيمَا أَعْطَيْتَنِي»، «وَأَطِلْ حَيَاتِي عَلَى طَاعَتِكَ، وَأَحْسِنْ عَمَلِي» وَاغْفِرْ لِي»

64- "അല്ലാഹുവേ, എനിക്ക് സമ്പത്തും സന്താനവും നീ വർദ്ധിപ്പിക്കേണമേ. നീ എനിക്ക് നൽകിയതിലെല്ലാം അനുഗ്രഹം ചൊരിയേണമേ." [1]

"നിന്നെ അനുസരിച്ച് ജീവിക്കുന്നതിൽ എനിക്ക് ദീർഘായുസ്സ് നൽകേണമേ. എന്റെ കർമങ്ങൾ നന്നാക്കുകയും പാപങ്ങൾ പൊറുക്കുകയും ചെയ്യേണമേ." [2]

---

[1] അനസ് (رضي الله عنه) വിന് വേണ്ടി നബി (ﷺ) പ്രാർത്ഥിച്ച പ്രാർത്ഥനയാണത്: "അല്ലാഹുവേ, അദ്ദേഹത്തിന് സമ്പത്തും സന്താനവും നീ വർദ്ധിപ്പിക്കേണമേ. നീ അദ്ദേഹത്തിന് നൽകിയതിലെല്ലാം അനുഗ്രഹം ചൊരിയേണമേ" ബുഖാരി: 1982, മുസ്ലിം: 660.

[2] ബുഖാരിയുടെ അദബുൽ മുഫ്റദ്: 653, സിൽസിലത്തുൽ അഹാദീസുസ്സ്വഹീഹ 2241ലും സ്വഹീഹു അദബിൽ മുഫ്റദ് 244 ലും അൽബാനി ഈ ഹദീസ് സ്വഹീഹാണെന്ന് പറഞ്ഞിരിക്കുന്നു. ഏറ്റവും നല്ല മനുഷ്യനാര് എന്ന ചോദ്യത്തിന് നബി (ﷺ) പറഞ്ഞു: "ആയുസ്സിന് ദൈർഘ്യം ലഭിക്കുകയും കർമ്മങ്ങൾ നന്നാവുകയും ചെയ്തവൻ" തുർമുദി: 2329, അഹ്മദ് 17716. സ്വഹീഹുത്തുർമുദി 2/271 ൽ അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്. ഈ പ്രാർത്ഥന സുന്നത്തിൽ പെട്ടതാണോ എന്ന് ഷെയ്ഖ് ഇബ്നുബാസിനോട് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: അതെ.

«لَا إِلَهَ إِلَّا اللَّهُ الْعَظِيمُ الْحَلِيمُ، لَا إِلَهَ إِلَّا اللَّهُ رَبُّ الْعَرْشِ الْعَظِيمِ، لَا إِلَهَ إِلَّا اللَّهُ رَبُّ السَّمَوَاتِ، وَرَبُّ الْأَرْضِ، وَرَبُّ الْعَرْشِ الْكَرِيمِ»

65- "ഏറ്റവും മഹാനും സഹനശീലനുമായ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. അതിമഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവായ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. ആകാശങ്ങളുടേയും ഭൂമിയുടെയും പാവനമായ സിംഹാസനത്തിന്റെയും രക്ഷിതാവായ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല." [1]

«اللَّهُمَّ رَحْمَتَكَ أَرْجُو فَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ، وَأَصْلِحْ لِي شَأْنِي كُلَّهُ لَا إِلَهَ إِلَّا أَنْتَ»

66- "അല്ലാഹുവേ, നിന്റെ കാരുണ്യമാണ് ഞാൻ തേടുന്നത്. അതിനാൽ കണ്ണിമവെട്ടും നേരമായാലും എന്നിലേക്ക് തന്നെ എന്നെ നീ ഏൽപ്പിക്കരുതേ. എന്റെ മുഴുവൻ വിഷയങ്ങളും എനിക്ക് ഗുണകരമാക്കേണമേ. നീയല്ലാതെ ആരാധനക്കർഹനില്ല." [2]

«لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ»

---

[1] ബുഖാരി: 6345, മുസ്ലിം: 2730

[2] അബൂദാവൂദ്: 5090, അഹ്മദ്: 5/42. സ്വഹീഹ് അബൂദാവൂദ് 3/250 ലും, സ്വഹീഹ് അദബുൽ മുഫ്റദ് 260 ലും അൽബാനി ഈ ഹദീസ് സ്വഹീഹ് ആണെന്ന് പറഞ്ഞിരിക്കുന്നു. തുഹ്ഫത്തുൽ അഖ്യാർ 24 ൽ ശൈഖ് ഇബ്നുബാസും ഇതിന്റെ സനദ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്.

67- "നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു." [1]

«اللَّهُمَّ إِنِّي عَبْدُكَ ابْنُ عَبْدِكَ ابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجَلَاءَ حُزْنِي، وَذَهَابَ هَمِّي»

68- "അല്ലാഹുവേ, ഞാൻ നിന്റെ അടിമയും, നിന്റെ അടിമയുടേയും അടിയാത്തിയുടേയും പുത്രനുമാകുന്നു. എന്റെ മൂർദ്ധാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനമാണ് എന്നിൽ നടപ്പാകുക. നിന്റെ വിധി എന്നിൽ നീതിപൂർവ്വകമാണ്.

---

[1] തുർമുദി: 3505, ഹാകിം അതിനെ സ്വഹീഹാണെന്ന് പറയുകയും ഇമാം ദഹബി അതിനോട് യോജിക്കുകയും ചെയ്തിരിക്കുന്നു 1/505, സ്വഹീഹ് തുർമുദി 3/168 ൽ അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞു. ഹദീഥിന്റെ വാചകം ഇപ്രകാരമാണ്: യൂനുസ് നബിയുടെ പ്രാർത്ഥനയാകുന്നു ഇത്. അദ്ദേഹം മൽസ്യത്തിന്റെ വയറ്റിലായിരുന്നപ്പോൾ പ്രാർത്ഥിച്ചു (നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു. ഈ വാചകങ്ങളുപയോഗിച്ച് ഏതൊരു മുസ്ലിം എന്ത് പ്രാർത്ഥിച്ചാലും അതിന് ഉത്തരം നൽകപ്പെടാതിരിക്കുകയില്ല.

നിനക്കുള്ള മുഴുവൻ നാമങ്ങളും മുൻനിർത്തി ഞാൻ നിന്നോട് ചോദിക്കുന്നു. അത് നീ സ്വയം നാമകരണം ചെയ്തതാകട്ടെ, നിന്റെ ഗ്രന്ഥത്തിൽ നീ അവതരിപ്പിച്ചതാകട്ടെ, നിന്റെ സൃഷ്ടികളിലാർക്കെങ്കിലും നീ പഠിപ്പിച്ചതാകട്ടെ, നിന്റെ പക്കലുള്ള അദൃശ്യജ്ഞാനത്തിൽ നീ ആർക്കും അറിയിച്ചു കൊടുക്കാതെ വെച്ചതാകട്ടെ, (അവ മുൻനിർത്തി നിന്നോട് ചോദിക്കുന്നു.) പരിശുദ്ധ ഖുർആനെ എന്റെ ഹൃദയത്തിന്റെ വസന്തവും നെഞ്ചിന്റെ പ്രകാശവും ദുഃഖം നീക്കുന്നതും മനോവ്യഥകൾ പോക്കുന്നതുമാക്കേണമേ." [1]

«اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ»

69- "ഹൃദയങ്ങളെ തിരിച്ചു കൊണ്ടിരിക്കുന്ന അല്ലാഹുവേ, എന്റെ ഹൃദയത്തെ നിന്നെ അനുസരിക്കുന്നതിലേക്ക് നീ തിരിച്ചു വിടേണമേ." [2]

«يَا مُقَلِّبَ الْقُلُوبِ ثَبِّت قَلْبِي عَلَى دِينِكَ»

70- "ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ ദീനിൽ നീ ഉറപ്പിക്കേണമേ." [3]

---

[1] അഹ്മദ് 1/ 391, ഹാകിം 1/ 509 തഹ്രീജുൽ അദ്കാറിൽ ഹാഫിദ് അത് ഹസനാണെന്ന് പറഞ്ഞിരിക്കുന്നു. തഹ്രീജുൽ കലിമുത്തയ്യിബിൽ അൽബാനി അത് സ്വഹീഹാണെന്നും പറഞ്ഞിരിക്കുന്നു. പേജ്: 73.

[2] മുസ്ലിം: 2654

[3] തിർമിദി 3522, അഹ്'മദ് 4/182, ഹാകിം 1/525, 528, അദ്ദേഹം അത് സ്വഹീഹാണെന്ന് പറയുകയും ദഹബി അതി

«اللَّهُمَّ إِنِّي أَسْأَلُكَ الْيَقِينَ والْعَفْوَ والْعَافِيَةَ فِي الدُّنْيَا وَالآخِرَةِ»

71- "അല്ലാഹുവേ, ദൃഢമായ വിശ്വാസവും ഇഹത്തിലും പരത്തിലും നിന്റെ മാപ്പും സൗഖ്യവും ഞാൻ നിന്നോട് ചോദിക്കുന്നു." [1]

«اللَّهُمَّ أَحْسِنْ عَاقِبَتَنَا فِي الأُمُورِ كُلِّهَا، وَأَجِرْنَا مِنْ خِزْيِ الدُّنْيَا وَعَذَابِ الآخِرَةِ»

72- "അല്ലാഹുവേ, ഞങ്ങളുടെ എല്ലാ കാര്യങ്ങളിലേയും പര്യവസാനം നീ നന്നാക്കിത്തരേണമേ. ദുനിയാവിലെ നി

---

നോട് യോജിക്കുകയും ചെയ്തിരിക്കുന്നു. സ്വഹീഹുൽ ജാമിഅ് 6/ 309 ലും സ്വഹീഹുത്തുർമുദി 3/ 171 ലും അൽബാനി അത് സ്വഹീഹാണെന്ന് പറഞ്ഞു. ഉമ്മുസലമഃ ( رضي الله عنها) പറഞ്ഞു: (നബി (ﷺ) യുടെ പ്രാർത്ഥനയിൽ അധികവും ഇതായിരുന്നു).

[1] തുർമുദി: 3514, ബുഖാരിയുടെ അദബുൽ മുഫ്റദ് 726, തുർമുദിയുടെ റിപ്പോർട്ടിൽ "ഇഹ-പര സൗഖ്യത്തിനായി നിങ്ങൾ അല്ലാഹുവോട് തേടുക" എന്നും "നിങ്ങൾ അല്ലാഹുവോട് മാപ്പും സൗഖ്യവും ചോദിക്കുക തീർച്ചയായും ദൃഢവിശ്വാസം കഴിഞ്ഞാൽ സൗഖ്യത്തേക്കാൾ നല്ല ഒരു കാര്യം ഒരാൾക്കും നൽകപ്പെട്ടിട്ടില്ല" എന്നും കാണാവുന്നതാണ്. സ്വഹീഹ് ഇബ്നു മാജയിൽ അൽബാനി അത് സ്വഹീഹാണെന്ന് പറഞ്ഞു 3/180, 3/185, 3/170. അതിനെ ശക്തിപ്പെടുത്തുന്ന മറ്റു റിപ്പോർട്ടുകളും കാണാം. കൂടുതൽ അറിയാൻ അഹ്മദ് ശാക്കിർ ക്രോഡീകരിച്ച ഇമാം അഹ്മദിന്റെ മുസ്നദ് 1/ 156-157 നോക്കുക.

ന്ദ്യതയിൽ നിന്നും പരലോകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്തീടേണമേ." [1]

«رَبِّ أَعِنِّي وَلَا تُعِنْ عَلَيَّ، وَانْصُرْنِي وَلَا تَنْصُرْ عَلَيَّ، وَامْكُرْ لِي وَلَا تَمْكُرْ عَلَيَّ، وَاهْدِنِي وَيَسِّرِ الهُدَى إِلَيَّ، وَانْصُرْنِي عَلَى مَنْ بَغَى عَلَيَّ، رَبِّ اجْعَلْنِي لَكَ شَكَّارًا، لَكَ ذَكَّارًا، لَكَ رَهَّابًا، لَكَ مِطْوَاعًا، إِلَيْكَ مُخْبِتًا أَوَّاهاً مُنِيبًا، رَبِّ تَقَبَّلْ تَوْبَتِي، وَاغْسِلْ حَوْبَتِي، وَأَجِبْ دَعْوَتِي، وَثَبِّتْ حُجَّتِي، وَاهْدِ قَلْبِي، وَسَدِّدْ لِسَانِي، وَاسْلُلْ سَخِيمَةَ قَلْبِي»

73- "എന്റെ രക്ഷിതാവേ, എനിക്ക് സഹായം നൽകേണമേ, എനിക്കെതിരെ സഹായിക്കരുതേ, എനിക്ക് വിജയം നൽകേണമേ, എനിക്കെതിരെ വിജയം നൽകരുതേ, എനിക്കനുകൂലമായി നീ തന്ത്രം പ്രയോഗിക്കേണമേ, എനിക്കെതിരെ നീ തന്ത്രം പ്രയോഗിക്കരുതേ. എന്നെ നേർമാർഗത്തിലാക്കുകയും നേർമാർഗം എനിക്ക് എളുപ്പമാക്കിതീർക്കുകയും ചെയ്യേണമേ. എന്നെ അക്രമിച്ചവർക്കെതിരിൽ എന്നെ നീ സഹായിക്കേണമേ. എന്റെ രക്ഷിതാവേ, എന്നെ നിനക്കേറ്റവും നന്ദിയുള്ളവനും, ദിക്റ് ചെയ്യുന്നവനും, നിന്നെ ഭയപ്പെടുന്നവനും, അനുസരണമുള്ളവനും, താഴ്മയുള്ളവനും, പശ്ചാതപിക്കുന്നവനും നിന്നിലേക്ക് ഖേദിച്ച് മടങ്ങുന്നവനുമാക്കേണമേ. എന്റെ നാഥാ, എന്റെ തൗബഃ സ്വീകരിക്കുകയും, എന്റെ പാപം കഴുകുകയും, എന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകുകയും എന്റെ തെളിവ് ഉറപ്പിക്കുക

[1] അഹ്മദ്: 4/ 181, ത്വബ്റാനിയുടെ അൽകബീർ: 33/2/1169, ദുആ: 1436, ഇബ്നുഹിബ്ബാൻ: 2424, 2425.

യും, എന്റെ ഹൃദയത്തെ നയിക്കുകയും, എന്റെ നാവിനെ നേരെയാക്കുകയും, എന്റെ ഹൃദയത്തിലെ വിദ്വേഷത്തെ നീ ഊരിക്കളയുകയും ചെയ്യേണമേ." [1]

«اللَّهُمَّ إِنَّا نَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ مِنْهُ نَبِيُّكَ مُحَمَّدٌ -ﷺ-، وَنَعُوذُ بِكَ مِنْ شَرِّ مَا اسْتَعَاذَ مِنْهُ نَبِيُّكَ مُحَمَّدٌ -ﷺ-، وَأَنْتَ الْمُسْتَعَانُ، وَعَلَيْكَ الْبَلَاغُ، وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ»

74- "അല്ലാഹുവേ, നിന്റെ പ്രവാചകൻ മുഹമ്മദ് നബി(ﷺ) നിന്നോട് ചോദിച്ചിട്ടുള്ള നന്മകളെല്ലാം ഞങ്ങളും ചോദിക്കുന്നു. നിന്റെ പ്രവാചകൻ മുഹമ്മദ് നബി(ﷺ) നിന്നോട് അഭയം തേടിയിട്ടുള്ള തിന്മകളിൽ നിന്ന് ഞങ്ങളും നിന്നോട് അഭയം തേടുന്നു. നിന്നോടാണ് സഹായം തേടേണ്ടത്, എത്തിച്ചുകൊടുക്കൽ ബാധ്യതയേറ്റിട്ടുള്ളവനും നീയാണ്, അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവും ഇല്ലതന്നെ." [2]

---

[1] ബുഖാരിയുടെ അദബുൽ മുഫ്റദ്: 664, 665, അബൂദാവൂദ്: 1510, 1511, തുർമുദി: 3551, ഇബ്നുമാജ: 3830, അഹ്മദ്: 1/127, ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോചിക്കുകയും ചെയ്തു 1/519, അൽബാനി സ്വഹീഹ് അബൂദാവൂദിലും 1/414, സ്വഹീഹ് തുർമുദിയിലും 3/178 സ്വഹീഹാണെന്ന് പറഞ്ഞു.

[2] തുർമുദി: 3521, ഇബ്നുമാജഃ 3846. തുർമുദി പറഞ്ഞു: (ഈ ഹദീസ് ഹസനും ഗരീബുമാണ്) അൽബാനി ള്വഈഫുത്തുർമുദിയിൽ ഇതിനെ ദുർബലമെന്ന് പറഞ്ഞിട്ടുണ്ട് പേജ്: 387.

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ سَمْعِي، وَمِنْ شَرِّ بَصَرِي، وَمِنْ شَرِّ لِسَانِي، وَمِنْ شَرِّ قَلْبِي، وَمِنْ شَرِّ مَنِيِّي»

75- "അല്ലാഹുവേ, എന്റെ കേൾവിയുടേയും, കാഴ്ചയുടേയും, നാവിന്റെയും, ഹൃദയത്തിന്റെയും, ഇന്ദ്രിയത്തിന്റെയും ദോഷങ്ങളിൽ നിന്ന് നിന്നോട് രക്ഷതേടുന്നു." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ، وَالْجُنُونِ، وَالْجُذَامِ، وَمِنْ سَيِّئِ الأَسْقَامِ»

76- "അല്ലാഹുവേ, പാണ്ട്, ഭ്രാന്ത്, കുഷ്ഠം, തുടങ്ങിയവയിൽ നിന്നും എല്ലാ ദുഷിച്ച രോഗങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു." [2]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الْأَخْلَاقِ، وَالْأَعْمَالِ، وَالْأَهْوَاءِ»

77- "അല്ലാഹുവേ, വെറുക്കപ്പെട്ട സ്വഭാവങ്ങളിൽ നിന്നും, പ്രവർത്തികളിൽ നിന്നും, ദേഹേഛകളിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു." [1]

---

[1] അബൂദാവൂദ്: 1551, തുർമുദി: 3492, നസാഈ: 5470. അൽബാനി സ്വഹീഹാണെന്ന് പറഞ്ഞു (സ്വഹീഹ് തുർമുദി 3/166, സ്വഹീഹ് നസാഈ 3/1108)

[2] അബൂദാവൂദ്: 1554, നസാഈ: 5493. അൽബാനി സ്വഹീഹാണെന്ന് പറഞ്ഞു (സ്വഹീഹ് തുർമുദി: 3/184, സ്വഹീഹ് നസാഈ: 3/1116)

«اللَّهُمَّ إِنَّكَ عُفُوٌّ كَرِيمٌ تُحِبُّ الْعَفْوَ فَاعْفُ عَنِّي»

78- "അല്ലാഹുവേ, നീ ഔദാര്യവാനും, മാപ്പാക്കുന്നവനും, മാപ്പാക്കുന്നത് ഇഷ്ടപ്പെടുന്നവനുമാണല്ലോ. അതിനാൽ നീ എനിക്ക് മാപ്പ് നൽകേണമേ." [2]

«اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ، وَتَرْكَ الْمُنْكَرَاتِ، وَحُبَّ الْمَسَاكِينِ، وَأَنْ تَغْفِرَ لِي، وَتَرْحَمَنِي، وَإِذَا أَرَدْتَ فِتْنَةَ قَوْمٍ فَتَوَفَّنِي غَيْرَ مَفْتُونٍ، وَأَسْأَلُكَ حُبَّكَ، وَحُبَّ مَنْ يُحِبُّكَ، وَحُبَّ عَمَلٍ يُقَرِّبُنِي إِلَى حُبِّكَ»

79- "അല്ലാഹുവേ, നന്മകൾ പ്രവർത്തിക്കാനും തിന്മകൾ വെടിയാനും, പാവപ്പെട്ടവരെ സ്നേഹിക്കാനും എന്നെ അനുഗ്രഹിക്കേണമേ. എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ. ഒരു വിഭാഗത്തെ നീ കുഴപ്പത്തിലാക്കാനുദ്ദേശിക്കുമ്പോൾ കുഴപ്പത്തിലകപ്പെടാതെ എന്നെ നീ മരിപ്പിക്കേണമേ, നിന്നെ സ്നേഹിക്കുവാനും, നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനും, നിന്റെ സ്നേഹത്തിലേക്ക് എന്നെ അടുപ്പിക്കുന്ന കർ

[1] തുർമുദി: 3591, ഇബ്നുഹിബ്ബാൻ: 2422, ഹാകിം: 1/ 532, ത്വബ്റാനി അൽകബീറിൽ 36/19/19, അൽബാനി സ്വഹീഹാണെന്ന് പറഞ്ഞു (സ്വഹീഹ് തുർമുദി: 3/184)

[2] തുർമുദി 3513, നസാഈ അൽകുബ്റയിൽ 7712, അൽബാനി സ്വഹീഹാണെന്ന് പറഞ്ഞു: സ്വഹീഹ് തുർമുദി 3/170

മങ്ങളെ സ്നേഹിക്കുവാനും എന്നെ അനുഗ്രഹിക്കേണമേ." [1]

«اللَّهُمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ: عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ، وَأَعُوذُ بِكَ مِنَ الشَّرِّ كُلِّهِ عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ. اللَّهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ، وَأَعُوذُ بِكَ مِنْ شَرِّ [مَا اسْتَعَاذَ بِكَ] [مِنْهُ] عَبْدُكَ وَنَبِيُّكَ. اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ، وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَعُوذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ قَضَيْتَهُ لِي خَيْرًا»

80- "അല്ലാഹുവേ, ഇഹത്തിലേയും പരത്തിലേയും എനിക്കറിയുന്നതും അറിയാത്തതുമായ മുഴുവൻ നന്മകളും നിന്നോട് ഞാൻ ചോദിക്കുന്നു. ഇഹത്തിലേയും പരത്തിലേയും എനിക്കറിയുന്നതും അറിയാത്തതുമായ മുഴുവൻ തി

---

[1] അഹ്മദ് 5/ 243, തുർമുദി 3235 ഈ ഹദീസ് അദ്ദേഹം ഹസനാക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ഞാൻ ഇമാം ബുഖാരിയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്: "ഈ ഹദീസ് ഹസനും സ്വഹീഹുമാണ്" എന്നാണ്. ഹദീസിന്റെ അവസാനം നബി (ﷺ) പറഞ്ഞു: ((ഇത് യാഥാർഥ്യമാണ്, നിങ്ങൾ അത് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുക)) ഹാകിം 1/ 521, അൽബാനി സ്വഹീഹുത്തുർമുദി 3/318 ൽ ഇത് സ്വഹീഹാണെന്ന് പറഞ്ഞു.

ന്മകളിൽ നിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു. അല്ലാഹുവേ, നിന്റെ പ്രവാചകനും ദാസനുമായ മുഹമ്മദ് നബി (ﷺ) നിന്നോട് ചോദിച്ചിട്ടുള്ള നന്മകളെല്ലാം ഞാനും ചോദിക്കുന്നു. നിന്റെ പ്രവാചകനും ദാസനുമായ മുഹമ്മദ് നബി (ﷺ) അഭയം തേടിയിട്ടുള്ള തിന്മകളിൽ നിന്നെല്ലാം ഞാനും നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ, എനിക്ക് നീ സ്വർഗവും അതിലേക്കടുപ്പിക്കുന്ന വാക്കും പ്രവർത്തിയും നൽകേണമേ. നരകത്തിൽ നിന്നും അതിലേക്കടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവർത്തിയിൽ നിന്നും എന്നെ രക്ഷിക്കേണമേ. നീ എനിക്ക് വിധിക്കുന്ന എല്ലാ വിധികളും എനിക്ക് നന്മയാക്കേണമേ." [1]

«اللَّهُمَّ احْفَظْنِي بِالإِسْلاَمِ قائِماً، واحْفَظْنِي بالإِسْلاَمِ قاعِداً، واحْفَظْنِي بالإِسْلاَمِ راقِداً، ولا تُشْمِتْ بِي عَدُوّاً ولا حاسِداً. اللَّهُمَّ إِنِّي أَسْأَلُكَ مِنْ كُلِّ خَيْرٍ خزائِنُهُ بِيَدِكَ، وأَعُوذُ بِكَ مِنْ كُلِّ شَرٍّ خَزَائِنُهُ بِيَدِكَ»

8- "അല്ലാഹുവേ, ഞാൻ നിൽക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും ഇസ്ലാം കൊണ്ട് എന്നെ നീ സുരക്ഷിതമാക്കേണമേ. ശത്രുവിനോ, അസൂയക്കാരനോ എന്നിലൂടെ സന്തോഷിക്കാൻ നീ ഇടനൽകരുതേ. അല്ലാഹുവേ, മുഴുവൻ നന്മകളും നിന്നോട് ചോദിക്കുന്നു, അവയുടെ ഖജനാവുകളെല്ലാം നിന്റെ കരങ്ങളിലാണല്ലോ. മുഴുവൻ തിന്മകളിൽ

[1] ഇബ്നുമാജഃ 3846, അഹ്മദ് 6/ 134, ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/ 521, അൽബാനി സ്വഹീഹ് ഇബ്നുമാജഃ 2/327 ൽ ഇത് സ്വഹീഹാണെന്ന് പറഞ്ഞു.

നിന്നും നിന്നോട് രക്ഷ ചോദിക്കുന്നു, അവയുടെ ഖജനാവുകളെല്ലാം നിന്റെ കരങ്ങളിലാണല്ലോ." [1]

«اللَّهُمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا تَحُولُ بِهِ بَيْنَنَا وَبَيْنَ مَعَاصِيكَ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ، وَمِنَ الْيَقِينِ مَا تُهَوِّنُ بِهِ عَلَيْنَا مَصَائِبَ الدُّنْيَا، اللَّهُمَّ مَتِّعْنَا بِأَسْمَاعِنَا، وَأَبْصَارِنَا، وَقُوَّاتِنَا مَا أَحْيَيْتَنَا، وَاجْعَلْهُ الْوَارِثَ مِنَّا، وَاجْعَلْ ثَأْرَنَا عَلَى مَنْ ظَلَمَنَا، وَانْصُرْنَا عَلَى مَنْ عَادَانَا، وَلَا تَجْعَلْ مُصِيبَتَنَا فِي دِينِنَا، وَلَا تَجْعَلِ الدُّنْيَا أَكْبَرَ هَمِّنَا، وَلَا مَبْلَغَ عِلْمِنَا، وَلَا تُسَلِّطْ عَلَيْنَا مَنْ لَا يَرْحَمُنَا»

82- "അല്ലാഹുവേ, ഞങ്ങൾക്കും നിന്നെ ധിക്കരിക്കുന്നതിനുമിടയിൽ മറയിടുന്നവിധമുള്ള ഭയഭക്തി നീ ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളെ സ്വർഗത്തിലെത്തിക്കും വിധം നിന്നോടുള്ള അനുസരണം നീ ഞങ്ങൾക്ക് നൽകേണമേ. ഐഹീകജീവിതത്തിലെ പരീക്ഷണങ്ങൾ നിസ്സാരമാക്കുന്ന ദൃഢവിശ്വാസം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. അല്ലാഹുവേ, ഞങ്ങളെ നീ ജീവിപ്പിക്കുന്നകാലമത്രയും ഞങ്ങളുടെ കേൾവിയും കാഴ്ചയും ആരോഗ്യവുമെല്ലാം പ്രയോജനപ്രദമാക്കുകയും, അവയെ ഞങ്ങളുടെ അനന്തരമാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ പ്രതികാരം ഞങ്ങളെ അക്ര

---

[1] ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/ 525, അൽബാനി സ്വഹീഹുൽ ജാമിഅ് 2/398 ലും സില്സിലത്തുൽ അഹാദീസുസ്സ്വഹീഹ 4/ 54 ലും ഇത് സ്വഹീഹാണെന്ന് പറഞ്ഞു ഹദീസ് നമ്പർ 1540.

മിച്ചവരോടാക്കേണമേ. ഞങ്ങളോട് ശത്രുത വെച്ചവർക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ. ഞങ്ങളുടെ അപകടം ഞങ്ങളുടെ മതകാര്യത്തിലാക്കരുതേ. ഐഹിക ജീവിതത്തെ ഞങ്ങളുടെ മുഖ്യചിന്തയോ അറിവിന്റെ ആകെത്തുകയോ ആക്കരുതേ. ഞങ്ങളോട് കനിവ് കാണിക്കാത്തവർക്ക് ഞങ്ങളുടെമേൽ ആധിപത്യം നൽകരുതേ." [1]

«اللَّهُمَّ إِنِّي أَعوذُ بِكَ مِنَ الجُبْنِ، وَأَعُوذُ بِكَ مِنَ البُخْلِ، وَأَعُوذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ العُمُرِ، وَأَعُوذُ بِكَ مِنْ فِتْنَةِ الدُّنْيَا وَعَذَابِ القَبْرِ»

83- "അല്ലാഹുവേ, ഭീരുത്വത്തിൽ നിന്നും, പിശുക്കിൽ നിന്നും, വാർദ്ധക്യത്തിന്റെ നിസ്സഹായാവസ്ഥയിലേക്ക് മടക്കപ്പെടുന്നതിൽ നിന്നും, ദുൻയാവിലെ പരീക്ഷണത്തിൽ നിന്നും, ഖബ്ർ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു." [2]

«اللَّهُمَّ اغْفِرْ لِي خَطِيئَتِي، وَجَهْلِي، وَإِسْرَافِي فِي أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، اللَّهُمَّ اغْفِرْ لِي هَزْلِي، وَجِدِّي، وَخَطَئِي، وَعَمْدِي، وَكُلُّ ذَلِكَ عِنْدِي»

---

[1] തുർമുദി 3502, ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/ 528, ഇബ്നുസ്സുന്നി 446, അൽബാനി സ്വഹീഹുത്തുർമുദി 3/168 ലും സ്വഹീഹുൽ ജാമിഅ് 1/400 ലും സ്വഹീഹാണെന്ന് പറഞ്ഞു.

[2] ബുഖാരി 2822.

84 - "അല്ലാഹുവേ, എന്റെ പാപവും വിവരക്കേടും കാര്യങ്ങളിലെ അതിർലംഘനവും എന്നിൽ നിന്നുണ്ടായിട്ടുള്ളതായി നീയറിയുന്നതെല്ലാം എനിക്ക് നീ പൊറുത്ത് തരേണമേ. അല്ലാഹുവേ, കാര്യമായോ തമാശയായോ അബദ്ധമായോ മനഃപൂർവ്വമായോ സംഭവിച്ചെതെല്ലാം -അതെല്ലാം എന്റെയടുത്ത് സംഭവിച്ചിട്ടുണ്ട്- എനിക്ക് നീ പൊറുത്ത് തരേണമേ." [1]

«اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا، وَلَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ. فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ، وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ»

85 - "അല്ലാഹുവേ, ഞാൻ എന്നോട് തന്നെധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ട്. നീയല്ലാതെ തെറ്റുകൾ പൊറുക്കുന്നവനില്ല. അതിനാൽ നിന്റെ പക്കൽ നിന്നുള്ള പാപമോചനം നൽകി എനിക്ക് പൊറുത്ത് തരികയും എന്നോട് കരുണ ചെയ്യുകയും ചെയ്യേണമേ. നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ." [2]

«اللَّهُمَّ لَكَ أَسْلَمْتُ، وَبِكَ آمَنْتُ، وَعَلَيْكَ تَوَكَّلْتُ، وَإِلَيْكَ أَنَبْتُ، وَبِكَ خَاصَمْتُ. اللَّهُمَّ إِنِّي أَعُوذُ بِعِزَّتِكَ لَا إِلَهَ إِلَّا أَنْتَ أَنْ تُضِلَّنِي، أَنْتَ الْحَيُّ الَّذِي لَا يَمُوتُ، وَالْجِنُّ وَالْإِنْسُ يَمُوتُونَ»

86 - "അല്ലാഹുവേ, ഞാനിതാ നിനക്ക് കീഴ്പ്പെടുകയും നിന്നിൽ വിശ്വസിക്കുകയും, നിന്നെ ഭരമേൽപ്പിക്കുകയും,

---

[1] ബുഖാരി 6398, മുസ്ലിം 2719.

[2] ബുഖാരി 834, മുസ്ലിം 2705.

നിന്നിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും, നിന്നെ മുൻനിർത്തി വാഗ്വാദം നടത്തുകയും ചെയ്യുന്നു. അല്ലാഹുവേ, നിന്റെ പ്രതാപം മുൻനിർത്തി എന്നെ നീ വഴികേടിലാക്കുന്നതിൽ നിന്നും നിന്നോട് രക്ഷചോദിക്കുന്നു. നീയല്ലാതെ ആരാധനക്കർഹനില്ല തന്നെ. നീ ഒരിക്കലും മരിക്കാതെ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. ജിന്നുകളും മനുഷ്യരും മരിച്ച് പോകുന്നവരുമാണ്." [1]

«اللَّهُمَّ إِنَّا نَسْأَلُكَ مُوجِباتِ رَحْمَتِكَ، وَعَزائِمَ مَغْفِرَتِكَ، والسَّلامَةَ مِنْ كُلِّ إِثْمٍ، والغَنِيمَةَ مِنْ كُلِّ بِرٍّ، والفَوْزَ بالجَنَّةِ، والنَّجاةَ مِنَ النَّارِ»

87 - "അല്ലാഹുവേ, നിന്റെ കാരുണ്യം അനിവാര്യമാക്കുന്നതും, പാപമോചനം ഉറപ്പാക്കുന്നതും, എല്ലാകുറ്റങ്ങളിൽ നിന്നുമുള്ള സുരക്ഷയും, എല്ലാപുണ്യങ്ങളുടേയും കൂമ്പാരവും, സ്വർഗവിജയവും, നരകമോക്ഷവും ഞങ്ങൾക്ക് പ്രധാനം ചെയ്യേണമേ." [2]

«اللَّهُمَّ اغْفِرْ لِلْمُؤْمِنِينَ وَالْمُؤْمِنَاتِ»

88- "അല്ലാഹുവേ, സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും നീ പൊറുത്തുകൊടുക്കേണമേ." [3]

---

[1] ബുഖാരി 6398, മുസ്ലിം 2719.

[2] ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/ 525, ബൈഹഖി 206, അദ്കാർ 340 അർനാഊത്ത് ഹസനാക്കി.

[3] ഉബാദ (رضي الله عنه) പറഞ്ഞു: നബി (ﷺ) പറയുന്നത് ഞാൻ കേട്ടു: "സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും

«اللَّهُمَّ اغْفِرْ لِي ذَنْبِي، وَوَسِّعْ لِي فِي دَارِي، وَبَارِكْ لِي فِيمَا رَزَقْتَنِي»

89- "അല്ലാഹുവേ, എന്റെ തെറ്റ് പൊറുക്കുകയും, എന്റെ വീട്ടിൽ എനിക്ക് വിശാലത നൽകുകയും, എന്റെ ഉപജീവന ത്തിൽ അനുഗ്രഹം നിറക്കുകയും ചെയ്യേണമേ." [1]

«اللَّهُمَّ إِنِّي أَسْأَلُك مِنْ فَضْلِكَ وَرَحْمَتِكَ؛ فَإِنَّهُ لاَ يَمْلِكُهَا إِلاَّ أَنْتَ»

90 - "അല്ലാഹുവേ, നിന്റെ ഔദാര്യവും കാരുണ്യവും ഞാ ൻ ചോദിക്കുന്നു. നീ മാത്രമാണല്ലോ അത് ഉടമപ്പെടുത്തു ന്നത്." [2]

---

വേണ്ടി ആരെങ്കിലും പൊറുക്കലിനെ തേടിയാൽ, ഓരോ വിശ്വാസി - വിശ്വാസിനിയുടെയും എണ്ണമനുസരിച്ച് അവനു നന്മ രേഖപ്പെടുത്തപ്പെടും" ത്വബ്റാനി അൽകബീറിൽ 5/202 ഹദീസ് 5092, 3/ 334 ഹദീസ് 2155, ഹൈതമി ഇ തിന്റെ സനദ് നല്ലതാണെന്ന് പറഞ്ഞു: മജ്മഉസ്സവാഇദ് 10/210, അൽബാനി ഹസനാക്കി: സ്വഹീഹുൽ ജാമിഅ് 5/ 242 ഹദീസ് 5902.

[1] അഹ്മദ് 4/ 63 ഹദീസ് 16599, 23114, 23188 തുർമുദി 3500, മുസ്നദിന്റെ നിരൂപകന്മാർ ഈ ഹദീസ് മറ്റു ഹദീസുകളുടെ പിൻബലമുള്ള ഹസനാണെന്ന് പറഞ്ഞു: 27/ 144, 38/ 197, 38/ 145. അൽബാനി ഹസനാണെന്ന് പറഞ്ഞു: സ്വഹീഹു ൽ ജാമിഅ് 1/ 399.

[2] ത്വബ്റാനി, മജ്മഉസ്സവാഇദ് 10/159 . അൽബാനി സ്വഹീ ഹാക്കിയിട്ടുമുണ്ട്: സ്വഹീഹുൽ ജാമിഅ് 1/404 ഹദീസ് 1278.

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الهَرَمِ، وَالتَّرَدِّي، وَالْهَدْمِ، وَالْغَمِّ، وَالْغَرَقِ، وَالْحَرَقِ، وَأَعُوذُ بِكَ أَنْ يَتَخَبَّطَنِيَ الشَّيْطَانُ عِنْدَ الْمَوْتِ، وَأَعُوذُ بِكَ أَنْ أَمُوتَ فِي سَبِيلِكَ مُدْبِرًا، وَأَعُوذُ بِكَ أَنْ أَمُوتَ لَدِيغًا»

91- "അല്ലാഹുവേ, വാർദ്ധക്യത്തിൽ നിന്നും, ഉയരങ്ങളിൽ നിന്ന് താഴെ വീഴുന്നതിൽ നിന്നും, തകർന്ന് വീഴുന്നതിന്നടിയിൽ പെടുന്നതിൽ നിന്നും, വെള്ളത്തിൽ മുങ്ങിത്താഴുന്നതിൽ നിന്നും, തീ കത്തിക്കരിയുന്നതിൽ നിന്നും മനോവിഷമങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. മരണവേളയിൽ പിശാച് എന്നെ അവതാളത്തിലാക്കുന്നതിൽ നിന്നും, നിന്റെ മാർഗത്തിൽ നിന്ന് പിന്തിരിഞ്ഞോടി മരിക്കുന്നതിൽ നിന്നും, വിഷജന്തുക്കളുടെ കടിയേറ്റ് മരിക്കുന്നതിൽ നിന്നും നിന്നോട് അഭയം തേടുന്നു." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْجُوعِ؛ فَإِنَّهُ بِئْسَ الضَّجِيعُ، وَأَعُوذُ بِكَ مِنَ الْخِيَانَةِ؛ فَإِنَّهَا بِئْسَتِ الْبِطَانَةُ»

92- "അല്ലാഹുവേ, വിശപ്പിൽ നിന്നും നിന്നോട് രക്ഷചോദിക്കുന്നു, തീർച്ചയായും അത് മോശമായ ദുരവസ്ഥയാണ്.

[1] അബൂദാവൂദ് 1552 നസാഈ 5531. അൽബാനി സ്വഹീഹാണെന്ന് പറഞ്ഞു: സ്വഹീഹുന്നസാഈ 3/1123 സ്വഹീഹ് അബൂദാവൂദ് 1/425.

വഞ്ചനയിൽ നിന്നും നിന്നോട് രക്ഷചോദിക്കുന്നു, തീർച്ച യായും അത് മോശമായ ഉള്ളുകള്ളിയാണ്." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ العَجْزِ، والكَسَلِ، والجُبْنِ، والبُخْلِ، والهَرَمِ، والقَسْوَةِ، والغَفْلَةِ، والعَيْلَةِ، والذِّلَّةِ، والمَسْكَنَةِ، وأَعُوذُ بِكَ مِنَ الفَقْرِ، والكُفْرِ، والفُسُوقِ، والشِّقاقِ، والنِّفاقِ، والسُّمْعَةِ، والرِّياءِ، وأَعُوذُ بِكَ مِنَ الصَّمَمِ، والبَكَمِ، والجُنُونِ، والجُذامِ، والبَرَصِ، وَسَيِّءِ الأَسْقامِ»

93- "അല്ലാഹുവേ, അശക്തി, ഉദാസീനത, ഭീരുത്വം, പിശുക്ക്, വാർദ്ധക്യം, പാരുഷ്യം, അശ്രദ്ധ, അപര്യാപ്തത, നിന്ദ്യത, പതിത്വം തുടങ്ങിയവയിൽ നിന്നെല്ലാം നിന്നോട് രക്ഷ തേടുന്നു. അതുപോലെ ദാരിദ്ര്യം, സത്യനിഷേധം, അധർമ്മം, കലഹം, കാപട്യം, പ്രശസ്തിക്കു വേണ്ടി പ്രവർത്തിക്കൽ, ലോകമാന്യം, മുതലായവയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. അന്ധത, ബധിരത, മൂകത, ഭ്രാന്ത്, കുഷ്ഠം, പാണ്ട് തുടങ്ങി എല്ലാ ദുഷിച്ച രോഗങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവലിനെ ചോദിക്കുന്നു." [2]

---

[1] അബൂദാവൂദ് 1547 നസാഈ 5483. അൽബാനി സ്വഹീഹാണെന്ന് പറഞ്ഞു: സ്വഹീഹുന്നസാഈ 3/11123.

[2] നസാഈ 5493, ഹാകിം 1/530 അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്: സ്വഹീഹുൽ ജാമിഅ് 1/406 ഇർവാഉൽ ഗലീൽ 852.

«اللهُمَّ إِنِّي أَعُوذُ بِكَ مِنَ الْفَقْرِ، [وَالْفَاقَةِ]، وَالْقِلَّةِ، وَالذِّلَّةِ، وَأَعُوذُ بِكَ مِنْ أَنْ أَظْلِمَ أو أُظْلَمَ»

94 - "അല്ലാഹുവേ, ദാരിദ്ര്യം, പ്രാരാബ്ദം, നിന്ദ്യത മുതലായവയിൽ നിന്നും നിന്നോട് അഭയം ചോദിക്കുന്നു. അതുപോലെ ഞാൻ അക്രമം പ്രവർത്തിക്കുന്നതിൽ നിന്നും അക്രമിക്കപ്പെടുന്നതിൽ നിന്നും നിന്നോട് രക്ഷതേടുന്നു." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَارِ السُّوءِ فِي دَارِ الْمُقَامَةِ؛ فَإِنَّ جَارَ الْبَادِيَةِ يَتَحَوَّلُ»

95 - "അല്ലാഹുവേ, സ്ഥിരമായി താമസിക്കുന്ന ഭവനത്തിൽ ചീത്ത അയൽവാസി ഉണ്ടാകുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. താൽകാലിക അയൽവാസി മാറാനുള്ളതാണല്ലോ." [2]

---

[1] അബൂദാവൂദ് 1544, നസാഈ 5475 അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്: സ്വഹീഹുന്നസാഈ 3/1111, സ്വഹീഹുൽ ജാമിഅ് 1/407, സ്വഹീഹ് മവാരിദു ദംആൻ 2/455.

[2] ബുഖാരിയുടെ അദബുൽ മുഫ്റദ് 117, ഹാകിം 1/532 അദ്ദേഹം സ്വഹീഹാക്കുകയും ദഹബി അതിനോട് യോചിക്കുകയും ചെയ്തു. നസാഈ 5517 അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്: സ്വഹീഹുൽ ജാമിഅ് 1/408, സ്വഹീഹുന്നസാഈ 3/1118.

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لاَ يَخْشَعُ، ومِنْ دُعَاءٍ لاَ يُسْمَعُ، وَمِنْ نَفْسٍ لاَ تَشْبَعُ، وَمِنْ عِلْمٍ لاَ يَنْفَعُ، أَعُوذُ بِكَ مِنْ هُؤُلاَءِ الأَرْبَعِ»

96- "ഭക്തിയില്ലാത്ത ഹൃദയം, ഉത്തരംകിട്ടാത്ത പ്രാർത്ഥന, മതിവരാത്ത മനസ്സ്, പ്രയോജനമില്ലാത്ത അറിവ് എന്നീ നാലുകാര്യങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷചോദിക്കുന്നു." [1]

«اللَّهُمَّ إنِّي أعُوذُ بِكَ مِنْ يَوْمِ السُّوءِ، وَمِنْ لَيْلَةِ السُّوءِ، وَمِنْ سَاعَةِ السُّوءِ، وَمِنْ صَاحِبِ السُّوءِ، وَمِنْ جَارِ السُّوءِ فِي دَارِ الْمُقَامَةِ»

97- "അല്ലാഹുവേ, ചീത്തരാവ്, ചീത്തപകൽ, ചീത്തസമയം, ചീത്തകൂട്ടുകാരൻ, നിത്യവാസഭവനത്തിലെ ചീത്ത അയൽവാസി എന്നിവയിൽ നിന്നെല്ലാം നിന്നോട് രക്ഷതേടുന്നു." [2]

«اللَّهُمّ إِنِّي أَسْأَلُكَ الْجَنَّةَ وَأَسْتَجِيْرُ بِكَ مِنَ النَّارِ»

---

[1] തിർമിദി 3482, അബൂദാവൂദ് 1549, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്: സ്വഹീഹുൽ ജാമിഅ് 1295, സ്വഹീഹുന്നസാഈ 3/1113.

[2] ത്വബ്റാനി. ഹൈതമി പറഞ്ഞു: ((ഇതിന്റെ റിപ്പോർട്ടർമാരെല്ലാം സ്വഹീഹിന്റെ റിപ്പോർട്ടർമാരാണ്)) മജ്മഉസ്സവാഇദ് 10/144 അൽബാനി ഹസനാക്കി സ്വഹീഹുൽ ജാമിഅ് 1/411 ഹദീസ് 1290.

98- "അല്ലാഹുവേ, ഞാൻ നിന്നോട് സ്വർഗം ചോദിക്കുന്നു. നരകത്തിൽ നിന്ന് നിന്നോട് ഞാൻ രക്ഷ തേടുന്നു." (മൂന്ന് പ്രാവശ്യം). [1]

«اللَّهُمَّ فَقِّهْنِي فِي الدِّينِ»

99- "അല്ലാഹുവേ, എനിക്ക് മതവിജ്ഞാനം നൽകേണമേ." [2]

«اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ، وَأَسْتَغْفِرُكَ لِمَا لاَ أَعْلَمُ»

100- "അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കു ചേർക്കുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷതേ

---

[1] തിർമിദി 2572, ഇബ്നു മാജ 3340, നസാഈ 5536, അൽബാനി സ്വഹീഹാക്കി. സ്വഹീഹുത്തുർമുദി 2/319, സ്വഹീഹുന്നസാഈ 3/1121 അദ്ദേഹം ഉദ്ധരിച്ച പദം ഇപ്രകാരമാണ്: ആരെങ്കിലും അല്ലാഹുവിനോട് മൂന്ന് പ്രാവശ്യം സ്വർഗം ചോദിച്ചാൽ "അല്ലാഹുവേ അവനെ നീ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ" എന്ന് സ്വർഗം പറയും. ആരെങ്കിലും നരകത്തിൽ നിന്ന് മൂന്ന് പ്രാവശ്യം കാവലിനെ തേടിയാൽ "അല്ലാഹുവേ അവനെ നീ നരകത്തിൽ നിന്ന് രക്ഷിക്കണേ" എന്ന് നരകം പറയും.

[2] ഇബ്നു അബ്ബാസ് (رضي الله عنهما) ന് വേണ്ടിയുള്ള നബി (ﷺ) യുടെ പ്രാർത്ഥന ഇതിന് തെളിവാണ് ബുഖാരി 143, മുസ്ലിം 2477.

ടുന്നു. അറിയാതെ സംഭവിക്കുന്നതിൽ നിന്നും നിന്നോട് ഞാൻ പൊറുക്കലിനെ ചോദിക്കുന്നു." [1]

«اللَّهُمَّ انْفَعْنِي بِمَا عَلَّمْتَنِي، وَعَلِّمْنِي مَا يَنْفَعُنِي، وَزِدْنِي عِلْمًا»

101- "അല്ലാഹുവേ, നീ എനിക്ക് നൽകിയ വിജ്ഞാനത്തിൽ എനിക്ക് പ്രയോജനം തരേണമേ. പ്രയോജനകരമായ വിജ്ഞാനം എനിക്ക് നീ നൽകേണമേ. എനിക്ക് അറിവിനെ വർദ്ധിപ്പിച്ചു തരേണമേ." [2]

«اللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَرِزْقًا طَيِّبًا، وَعَمَلًا مُتَقَبَّلًا»

102- "അല്ലാഹുവേ, ഉപകാരപ്രദമായ അറിവും, വിശിഷ്ടമായ ഉപജീവനവും, സ്വീകാര്യമായ കർമവും ഞാൻ നിന്നോട് ചോദിക്കുന്നു." [3]

«اللَّهُمَّ إِنِّي أَسْأَلُكَ يَا أَللَّهُ بِأَنَّكَ الْوَاحِدُ الْأَحَدُ، الصَّمَدُ، الَّذِي لَمْ يَلِدْ وَلَمْ يُولَدْ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ، أَنْ تَغْفِرَ لِي ذُنُوبِي، إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ»

---

[1] അഹ്മദ് 4/403, ഇബ്നു അബീശൈബ 10/337 ത്വബ്റാനി 4/284. അൽബാനി സ്വഹീഹാക്കി: സ്വഹീഹുത്തർഗീബു വത്തർഹീബ് 1/19.

[2] തിർമിദി 3599, ഇബ്നു മാജ 259 അൽബാനി സ്വഹീഹാക്കി: സ്വഹീഹ് ഇബ്നുമാജഃ 1/47.

[3] ഇബ്നു മാജ 925, അഹ്മദ് 6/294, അൽബാനി സ്വഹീഹാക്കി: സ്വഹീഹ് ഇബ്നുമാജഃ 1/152.

103- "അല്ലാഹുവേ, നീ ഏകനും, ഒരുവനും, സ്വയംപര്യാപ്തനും, ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തവനും, നിനക്ക് തുല്യമായി ആരുംതന്നെ ഇല്ലാത്തവനുമാണ്. എന്റെ പാപങ്ങൾ പൊറുത്തുതരേണമേ എന്ന് നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു. നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ." [1]

«اللَّهُمَّ إِنِّي أَسْأَلُكَ بِأَنَّ لَكَ الْحَمْدَ، لاَ إِلَهَ إِلاَّ أَنْتَ [وَحْدَكَ لاَ شَرِيكَ لَكَ] الْمَنَّانُ [يَا] بَدِيعَ السَّمَوَاتِ وَالأَرْضِ، يَا ذَا الْجَلاَلِ وَالإِكْرَامِ، يَا حَيُّ يَا قَيُّومُ، إِنِّي أَسْأَلُكَ [الْجَنَّةَ وَأَعُوذُ بِكَ مِنَ النَّارِ»

104- "അല്ലാഹുവേ, നിനക്കാണ് സർവ്വ സ്തുതിയും, നീയല്ലാതെ ആരാധ്യനില്ല, നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്, ഔദാര്യവാനും ആകാശഭൂമികളെ മാതൃകയില്ലാതെ സൃഷ്ടിച്ചവനുമാണ്, ഏറ്റവും മഹത്വമുള്ളവനും ആദരവുകൾ നൽകുന്നവനുമേ, എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിച്ച് കൊണ്ടിരിക്കുന്നവനുമായവനേ, ഇതെല്ലാം മുൻനിർത്തിനിന്നോട് ഞാൻ സ്വർഗം ചോദിക്കുകയും നരകത്തിൽ നിന്നും കാവൽ തേടുകയും ചെയ്യുന്നു." [2]

---

[1] അബൂദാവൂദ് 985, നസാഈ 1300, അൽബാനി സ്വഹീഹാക്കി: സ്വഹീഹുന്നസാഈ 1/147.

[2] അബൂദാവൂദ് 1495, നസാഇ 1299, തിർമിദി 3544 ഇബ്നുമാജഃ 3858, അൽബാനി സ്വഹീഹാക്കി: സ്വഹീഹുന്നസാഈ 1/279 സ്വഹീഹ് ഇബ്നുമാജഃ 2/329.

«اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ أَنْتَ اللهُ لاَ إِلَهَ إِلاَّ أَنْتَ، الأَحَدُ، الصَّمَدُ، الَّذِي لَمْ يَلِدْ، وَلَمْ يُولَدْ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ»

105- "അല്ലാഹുവേ, നീയല്ലാതെ ആരാധനക്കർഹനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, നീ ഏകനും സ്വയംപര്യാപ്തനും ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തവനും, നിനക്കുതുല്യമായി ആരും തന്നെ ഇല്ലാത്തവനുമാണ്. ഇത് മുൻനിർത്തി നിന്നോട് ഞാൻ ചോദിക്കുന്നു"[1]

«رَبِّ اغْفِرْ لِي، وَتُبْ عَلَيَّ، إِنَّكَ أَنْتَ التَّوَّابُ الْغَفُورُ»

106- "എന്റെ റബ്ബേ, നീ എനിക്ക് പൊറുത്ത് തരികയും എന്റെ പശ്ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ ഏറെ പശ്ചാതാപം സ്വീകരിക്കുന്നവനും പൊറുക്കുന്നവനുമാണല്ലോ." [2]

«اللَّهُمَّ بِعِلْمِكَ الْغَيْبَ، وَقُدْرَتِكَ عَلَى الْخَلْقِ، أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْرًا لِي، وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْرًا لِي، اللَّهُمَّ إِنِّي أَسْأَلُكَ خَشْيَتَكَ فِي الْغَيْبِ وَالشَّهَادَةِ، وَأَسْأَلُكَ كَلِمَةَ الْحَقِّ فِي الرِّضَا

---

[1] അബൂദാവൂദ് 985, തിർമിദി 3475, ഇബ്നു മാജ 3857, അഹ്മദ് 5/360 അൽബാനി സ്വഹീഹാക്കി സ്വഹീഹുത്തുർമുദി 3/163.

[2] അബൂദാവൂദ് 1518, തിർമിദി 3434, ഇബ്നു മാജ 3814, നസാഇ 10292 അൽബാനി സ്വഹീഹാക്കി: സ്വഹീഹുത്തുർമുദി 3/153, സ്വഹീഹ് ഇബ്നുമാജഃ 2/321.

وَالْغَضَبِ، وَأَسْأَلُكَ الْقَصْدَ فِي الْغِنَى وَالْفَقْرِ، وَأَسْأَلُكَ نَعِيماً لاَ يَنْفَدُ، وَأَسْأَلُكَ قُرَّةَ عَيْنٍ لاَ تَنْقَطِعْ، وَأَسْأَلُكَ الرِّضَا بَعْدَ الْقَضَاءِ، وَأَسْأَلُكَ بَرْدَ الْعَيْشِ بَعْدَ الْمَوْتِ، وَأَسْأَلُكَ لَذَّةَ النَّظَرِ إِلَى وَجْهِكَ، وَالشَّوْقَ إِلَى لِقَائِكَ، فِي غَيْرِ ضَرَّاءَ مُضِرَّةٍ، وَلاَ فِتْنَةٍ مُضِلَّةٍ، اللَّهُمَّ زَيِّنَّا بِزِينَةِ الإِيمَانِ، وَاجْعَلْنَا هُدَاةً مُهْتَدِينَ»

107- "അല്ലാഹുവേ, നിന്റെ അദൃശ്യജ്ഞാനവും സൃഷ്ടികളുടെ മേലുള്ള നിന്റെ ശക്തിയും മുൻനിർത്തി ഞാനിതാ ചോദിക്കുന്നു. ജീവിതമാണ് എനിക്ക് ഉത്തമമെന്ന് നീ അറിയുന്ന കാലം എന്നെ നീ ജീവിപ്പിക്കേണമേ. മരണമാണ് ഉത്തമമെന്ന് നീ അറിയുന്നെങ്കിൽ എന്നെ മരിപ്പിക്കേണമേ. അല്ലാഹുവേ, രഹസ്യത്തിലും പരസ്യത്തിലും നിന്നെ ഭയപ്പെടുവാനും, തൃപ്തിയിലും കോപത്തിലും സത്യം പറയാനും, സുഭിക്ഷതയിലും ക്ഷാമത്തിലും മിതത്വം പാലിക്കാനുമുള്ള ഭാഗ്യം ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, തീർന്ന് പോകാത്ത സുഖങ്ങളും, അറ്റുപോകാത്ത കൺകുളിർമയും, വിധിയിൽ സംതൃപ്തിയും, മരണാനന്തരം സുഖജീവിതവും, നിന്റെ തിരുമുഖ ദർശനാനന്ദവും, ക്ലേശപൂർണമായ പ്രയാസമോ വഴിപിഴപ്പിക്കുന്ന പരീക്ഷണങ്ങളോ കൂടാതെ നിന്നെ കണ്ടുമുട്ടാനുള്ള അഭിലാഷവും നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ഈമാനിന്റെ സൗന്ദര്യംകൊണ്ട് നീ ഞങ്ങളെ

അലങ്കരിക്കേണമേ! ഞങ്ങളെ നീ സന്മാർഗം പ്രാപിച്ചവരും സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നവരുമാക്കേണമേ." [1]

«اللَّهُمَّ ارزُقني حُبَّكَ، وحُبَّ مَنْ يَنْفَعُني حُبُّهُ عندَك، اللَّهُمَّ مَا رَزَقْتَني مِمَّا أُحِبُّ فَاجْعَلْهُ قُوَّةً لِي فِيمَا تُحِبُّ، اللَّهُمَ مَا زَوَيْتَ عَنِّي مِمَّا أُحِبُّ فَاجْعَلْهُ فَرَاغاً لِي فِيمَا تُحِبُّ»

108- "അല്ലാഹുവേ, നിന്നോടുള്ള സ്നേഹവും, സ്നേഹിക്കുന്നത് നിന്റെയടുത്ത് ഉപകരിക്കുന്നവരോടുള്ള സ്നേഹവും എനിക്ക് നീ പ്രദാനം ചെയ്യേണമേ. അല്ലാഹുവേ, ഞാൻ ഇഷ്ടപ്പെടുന്നതായി നീ നൽകിയതെല്ലാം നിന്റെ ഇഷ്ടത്തിന് വിനിയോഗിക്കാനുള്ള ശക്തിയാക്കിത്തരേണമേ! ഞാൻ ഇഷ്ടപ്പെടുന്നത് നീ തടഞ്ഞത് നീ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നിർവഹിക്കാനുള്ള ഒഴിവുവേളയാക്കിത്തരേണമേ." [2]

«اللَّهُمَّ طَهِّرْنِي مِنَ الذُّنُوبِ وَالْخَطَايَا، اللَّهُمَّ نَقِّنِي مِنْهَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنْ الدَّنَسِ، اللَّهُمَّ طَهِّرْنِي بِالثَّلْجِ وَالْبَرَدِ وَالْمَاءِ الْبَارِدِ»

109 - "അല്ലാഹുവേ, തെറ്റുകളിൽ നിന്ന് എന്നെ വിമലീകരിക്കേണമേ. അല്ലാഹുവേ, അഴുക്കിൽ നിന്നും ശുദ്ധിയാക്കപ്പെടുന്ന വെള്ള വസ്ത്രം പോലെ എന്നെ ശുദ്ധീകരിക്കേ

[1] അഹ്'മദ് 4/264, നസാഈ1305 അൽബാനി സ്വഹീഹാക്കി: സ്വഹീഹുന്നസാഈ 1/280, 1/281.

[2] തുർമുദി 3491, അദ്ദേഹം അത് ഹസനാണെന്ന് പറഞ്ഞു. അബ്ദുൽ ഖാദിർ അർനാഊത്ത് പറഞ്ഞു: ((അത് അദ്ദേഹം പറഞ്ഞ പോലെ തന്നെയാണ്)) ജാമിഉൽ ഉസൂൽ 4/341.

ണമേ. അല്ലാഹുവേ, തണുത്ത വെള്ളം, ഐസ്, മഞ്ഞ് എന്നിവകൊണ്ടെല്ലാം എന്നെ ശുദ്ധീകരിക്കേണമേ." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبُخْلِ، وَالْجُبْنِ، وَسُوءِ الْعُمُرِ، وَفِتْنَةِ الصَّدْرِ، وَعَذَابِ الْقَبْرِ»

110 - "അല്ലാഹുവേ, ലുബ്ധത, ഭീരുത്വം, ആയുസ്സിന്റെ (ദൈർഘ്യം കൊണ്ടുണ്ടാകുന്ന) ദുരവസ്ഥ, ഹൃദയത്തിന്റെ കുഴപ്പങ്ങൾ, ഖബ്റിലെ ശിക്ഷ എന്നിവയിൽ നിന്നെല്ലാം നിന്നോട് ഞാൻ രക്ഷതേടുന്നു." [2]

«اللَّهُمَّ رَبَّ جِبْرَائِيلَ، وَمِيكَائِيلَ، وَرَبَّ إِسْرَافِيلَ، أَعُوذُ بِكَ مِنْ حَرِّ النَّارِ، وَمِنْ عَذَابِ الْقَبْرِ»

111 - "ജിബ്രീലിന്റെയും മീകാഈലിന്റെയും ഇസ്റാഫീലിന്റെയും രക്ഷിതാവായ അല്ലാഹുവേ, നരകത്തിന്റെ ചൂടിൽ

---

[1] മുസ്ലിം 476, നസാഈ 400

[2] നസാഈ 5469 അദ്ദേഹം ഉദ്ധരിച്ചത് ഇങ്ങിനെയാണ് "നബി (ﷺ) ലുബ്ധത, ഭീരുത്വം, ആയുസ്സിന്റെ (ദൈർഘ്യം കൊണ്ടുണ്ടാകുന്ന) ദുരവസ്ഥ, ഹൃദയത്തിന്റെ കുഴപ്പങ്ങൾ, ഖബ്റിലെ ശിക്ഷ എന്നീ അഞ്ചു കാര്യങ്ങളിൽ നിന്ന് അല്ലാഹുവിനോട് അഭയം ചോദിക്കാറുണ്ടായിരുന്നു". അബൂദാവൂദ് 1539, അർനഊത്ത് അത് ഹസനാണെന്ന് പറഞ്ഞു. ജാമിഉൽ ഉസൂൽ 4/363.

നിന്നും ഖബ്റിന്റെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു." [1]

«اللَّهُمَّ أَلْهِمْنِي رُشْدِي، وَأَعِذْنِي مِنْ شَرِّ نَفْسِي»

112 - "അല്ലാഹുവേ, എനിക്ക് നേർവഴി തോന്നിപ്പിക്കുകയും എന്റെ മനസ്സിന്റെ തിന്മയിൽ നിന്ന് എന്നെ രക്ഷിക്കുകയും ചെയ്യേണമേ." [2]

«اللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَأَعُوذُ بِكَ مِنْ عِلْمٍ لاَ يَنْفَعُ»

113 - "അല്ലാഹുവേ, ഉപകാരപ്പെടുന്ന വിജ്ഞാനംഞാൻ നിന്നോട് ചോദിക്കുന്നു. ഉപകാരപ്പെടാത്ത വിജ്ഞാനത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു." [3]

---

[1] നസാഈ 1344, അഹ്മദ് 6/61 ബൈഹഖി/ദഅവാത്ത് 109, അൽബാനി സ്വഹീഹുന്നസാഈ 3/1121 ലും സിൽസിലത്തുൽ അഹാദീഥി സ്സ്വഹീഹ 1544 ലും സ്വഹീഹാക്കി.

[2] തിർമിദി 5/519 ഹദീസ് 3483, ഹാകിം 1/510, അഹ്മദ് 23/197 ഹദീസ് 19992. മുസ്നദിന്റെ നിരൂപകരെല്ലാം (ഈ ഹദീസിന്റെ സനദ് ബുഖാരി മുസ്ലിമിന്റെ നിബന്ധനയനുസരിച്ചുള്ളതാണെന്ന്) പറഞ്ഞിട്ടുണ്ട്. തുർമുദി ഉദ്ധരിച്ച പദങ്ങൾ അൽബാനി ദുർബലപ്പെടുത്തി: ദഈഫത്തുർമുദി 379.

[3] നസാഈ 7867, ഇബ്നു മാജ 3843, അൽബാനി ഈ ഹദീഥ് 'ഹസൻ' ആണെന്ന് രേഖപ്പെടുത്തി: സ്വഹീഹ് ഇബ്നു മാജഃ 2/327. "ഉപകാരപ്പെടുന്ന വിജ്ഞാനം നിങ്ങൾ അല്ലാഹുവോട് ചോദിക്കുക, ഉപകാരപ്പെടാത്ത വിജ്ഞാനത്തിൽ

«اللَّهُمَّ رَبَّ السَّمَوَاتِ [السَّبْعِ] وَرَبَّ الْأَرْضِ، وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، فَالِقَ الْحَبِّ وَالنَّوَى، وَمُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْفُرْقَانِ، أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ، اللَّهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الْآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ، اقْضِ عَنَّا الدَّيْنَ وَأَغْنِنَا مِنَ الْفَقْرِ»

114 - അല്ലാഹുവേ, ഏഴ് ആകാശങ്ങളുടേയും ഭൂമിയുടേയും മഹത്തായ സിംഹാസനത്തിന്റെയും നാഥാ, ഞങ്ങളുടേയും മുഴുവസ്തുക്കളുടേയും നാഥാ, ധാന്യവും വിത്തും പിളർക്കുന്നവനേ, തൗറാത്തും ഇഞ്ചീലും ഖുർആനും അവതരിപ്പിച്ചവനേ, നീ മൂർദ്ദാവിനു പിടിച്ചിട്ടുള്ള (നിയന്ത്രിച്ച് കൊണ്ടിരിക്കുന്ന) സർവ്വ വസ്തുക്കളുടേയും ദോഷത്തിൽ നിന്ന് നിന്നിൽ ഞാൻ അഭയംതേടുന്നു. അല്ലാഹുവേ, നീയാണ് ആദിമൻ, നിനക്കു മുമ്പായി യാതൊന്നുമില്ല; നീയാണ് അന്തിമൻ, നിനക്ക് ശേഷം യാതൊന്നുമില്ല; നീയാണ് ഏറ്റവും മുകളിലുള്ളവൻ. നിനക്കു മുകളിൽ യാതൊന്നുമില്ല; നീയാണ് ഏറ്റവും അടുത്തുള്ളവൻ, നിന്നെക്കാൾ അടുത്ത് മറ്റൊന്നുമില്ല. ഞങ്ങളുടെ കടങ്ങൾ നീ തീർക്കുക

---

നിന്നും അല്ലാഹുവോട് അഭയം തേടുകയും ചെയ്യുക" എന്നാണ് അദ്ദേഹം ഉദ്ധരിച്ച പദം.

യും, ദാരിദ്ര്യത്തിൽ നിന്ന് ഞങ്ങൾക്ക് ധന്യത നൽകുകയും ചെയ്യേണമേ." [1]

«اللَّهُمَّ أَلِّفْ بَيْنَ قُلُوبِنَا، وَأَصْلِحْ ذَاتَ بَيْنِنَا، وَاهْدِنَا سُبُلَ السَّلَامِ، وَنَجِّنَا مِنَ الظُّلُمَاتِ إِلَى النُّورِ، وَجَنِّبْنَا الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ، وَبَارِكْ لَنَا فِي أَسْمَاعِنَا، وَأَبْصَارِنَا، وَقُلُوبِنَا، وَأَزْوَاجِنَا، وَذُرِّيَّاتِنَا، وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ، وَاجْعَلْنَا شَاكِرِينَ لِنِعَمِكَ مُثْنِينَ بِهَا عَلَيْكَ، قَابِلِينَ لَهَا، وَأَتِمَّهَا عَلَيْنَا»

115 - "അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കമുണ്ടാക്കേണമേ, ഞങ്ങൾ തമ്മിലെ ബന്ധം നീ നന്നാക്കേണമേ, സമാധാനത്തിന്റെ മാർഗത്തിൽ ഞങ്ങളെ നീ നയിക്കുകയും അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് രക്ഷിക്കുകയും ചെയ്യേണമേ, പ്രത്യക്ഷവും പരോക്ഷവുമായ മ്ലേഛതകളിൽ നിന്നും ഞങ്ങളെ അകറ്റേണമേ, ഞങ്ങളുടെ കണ്ണുകളിലും കാതുകളിലും ഹൃദയങ്ങളിലും ഇണകളിലും സന്താനങ്ങളിലും നീ അനുഗ്രഹം ചൊരിയേണമേ, ഞങ്ങളുടെ പശ്ചാതാപം സ്വീകരിക്കേണമേ, തീർച്ചയായും നീ ഏറെ പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണല്ലോ. നീ ഞങ്ങളെ നിന്റെ അനുഗ്രഹങ്ങളെ സ്വീകരിക്കുന്നവരും അതിന്റെ പേരിൽ നിന്നെ പ്രശംസിക്കു

[1] മുസ്ലിം: 2713 അബൂഹുറൈറ-رضي الله عنه-യിൽ നിന്ന് ഉദ്ധരിച്ചത്.

ന്നവരും നന്ദി കാണിക്കുന്നവരുമാക്കേണമേ. അവ ഞങ്ങ ൾക്ക് നീ പൂർത്തിയാക്കി നൽകേണമേ." [1]

«اللَّهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَسْأَلَةِ، وَخَيْرَ الدُّعَاءِ، وَخَيْرَ النَّجَاحِ، وَخَيْرَ الْعَمَلِ، وَخَيْرَ الثَّوَابِ، وَخَيْرَ الْحَيَاةِ، وَخَيْرَ الْمَمَاتِ، وَثَبِّتْنِي، وَثَقِّلْ مَوَازِينِي، وَحَقِّقْ إِيمَانِي، وَارْفَعْ دَرَجَاتِي، وَتَقَبَّلْ صَلَاتِي، وَاغْفِرْ خَطِيئَتِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَا مِنَ الْجَنَّةِ، اللَّهُمَّ إِنِّي أَسْأَلُكَ فَوَاتِحَ الْخَيْرِ، وَخَوَاتِمَهُ، وَجَوَامِعَهُ، وَأَوَّلَهُ، وَظَاهِرَهُ، وَبَاطِنَهُ، وَالدَّرَجَاتِ الْعُلَا مِنَ الْجَنَّةِ آمِينْ، اللَّهُمَّ إِنِّي أَسْأَلُكَ خَيْرَ مَا آتِي، وَخَيْرَ مَا أَفْعَلُ، وَخَيْرَ مَا أَعْمَلُ، وَخَيْرَ مَا بَطَنَ، وَخَيْرَ مَا ظَهَرَ، وَالدَّرَجَاتِ الْعُلَا مِنَ الْجَنَّةِ آمِينْ، اللَّهُمَّ إِنِّي أَسْأَلُكَ أَنْ تَرْفَعَ ذِكْرِي، وَتَضَعَ وِزْرِي، وَتُصْلِحَ أَمْرِي، وَتُطَهِّرَ قَلْبِي، وَتُحَصِّنَ فَرْجِي، وَتُنَوِّرَ قَلْبِي، وَتَغْفِرَ لِي ذَنْبِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَا مِنَ الْجَنَّةِ آمِينْ، اللَّهُمَّ إِنِّي أَسْأَلُكَ أَنْ تُبَارِكَ فِي نَفْسِي، وَفِي سَمْعِي، وَفِي بَصَرِي، وَفِي رُوحِي، وَفِي خَلْقِي، وَفِي

[1] അബൂദാവൂദ് 969, ഹാകിം 1/265 ((ഇമാം മുസ്ലിമിന്റെ നിബന്ധനയനുസരിച്ചുള്ള ഹദീസാണ് ഇത്)) എന്ന് അദ്ദേ ഹം പറയുകയും ദഹബി അതിനോട് യോചിക്കുകയും ചെ യ്തു 1/ 26. സ്വഹീഹ് അദബുൽ മുഫ്രദിൽ അൽബാനിയും സ്വഹീഹാക്കിയിട്ടുണ്ട്: ഹദീസ് 630.

خُلُقِي، وَفِي أَهْلِي، وَفِي مَحْيَايَ، وَفِي مَمَاتِي، وَفِي عَمَلِي، فَتَقَبَّلْ حَسَنَاتِي، وَأَسْأَلُكَ الدَّرَجَاتِ العُلَا مِنَ الْجَنَّةِ، آمِينْ»

116- "അല്ലാഹുവേ, ഏറ്റവും നല്ല അപേക്ഷയും, ഏറ്റവും നല്ല പ്രാർത്ഥനയും, ഏറ്റവും നല്ല വിജയവും, ഏറ്റവും നല്ല പ്രവർത്തനവും, ഏറ്റവും നല്ല പ്രതിഫലവും, ഏറ്റവും നല്ല ജീവിതവും, ഏറ്റവും നല്ല മരണവും നിന്നോട് ഞാൻ തേടുന്നു. എനിക്കു നീ സ്ഥൈര്യം നൽകേണമേ. എന്റെ തുലാസുകൾ കനം കൂട്ടേണമേ, എന്റെ വിശ്വാസം യാഥാർത്ഥ്യമാക്കേണമേ, എന്റെ പദവികൾ ഉയർത്തേണമേ, എന്റെ നമസ്കാരം സ്വീകരിക്കേണമേ, എന്റെ പാപങ്ങൾ പൊറുക്കേണമേ, സ്വർഗത്തിൽ ഉന്നതമായ പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നന്മയുടെ ആരംഭങ്ങളും പര്യവസാനങ്ങളും സമ്പൂർണ്ണതകളും അതിന്റെ ആദ്യവും ബാഹ്യവും ആന്തരികവും സ്വർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് തേടുന്നു. എന്റെ ഈ പ്രാർത്ഥന സ്വീകരിക്കേണമേ. ഞാൻ കൊണ്ടുവരുന്നതിലേറ്റവും ഉത്തമമായതും, അനുഷ്ഠിക്കുന്നതിലേറ്റവും ഉത്തമമായതും, പ്രത്യക്ഷമായതിലേറ്റവും ഉത്തമമായതും, പരോക്ഷമായതിലേറ്റവും ഉത്തമമായതും, സ്വർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് ഞാൻ തേടുന്നു. എന്റെ ഈ പ്രാർത്ഥന സ്വീകരിക്കേണമേ. അല്ലാഹുവേ, എന്റെ കീർത്തി നീ ഉയർത്തേണമേ, എന്റെ പാപങ്ങൾ നീക്കേണമേ, എന്റെ കാര്യങ്ങൾ നന്നാക്കി തീർക്കുകയും എന്റെ ഹൃദയത്തെ ശുദ്ധീകരിക്കുകയും, ഗുഹ്യസ്ഥാനത്തെ നിഷിദ്ധങ്ങളിൽ നിന്ന് കാത്തുസൂക്ഷിക്കുകയും, എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുകയും, എന്റെ പാപങ്ങൾ പൊറുക്കുകയും ചെയ്യേണമേ, സ്വ

ർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് തേടുന്നു. എന്റെ ഈ പ്രാർത്ഥന സ്വീകരിക്കേണമേ. അല്ലാഹുവേ, എന്റെ മനസ്സിലും കണ്ണിലും കാതിലും ആത്മാവിലും രൂപത്തിലും സ്വഭാവത്തിലും കുടുംബത്തിലും ജീവിതത്തിലും മരണത്തിലും കർമത്തിലുമെല്ലാം നീ അനുഗ്രഹം നൽകേണമേ. എന്റെ സൽകർമ്മങ്ങൾ നീ സ്വീകരിക്കേണമേ, സ്വർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് തേടുന്നു, എന്റെ ഈ പ്രാർത്ഥന സ്വീകരിക്കേണമേ." [1]

«اللَّهُمَّ جَنِّبْنِي مُنْكَرَاتِ اَلْأَخْلَاقِ، وَالْأَهْوَاءِ، وَالْأَعْمَالِ، وَالْأَدْوَاءِ»

117 - "അല്ലാഹുവേ, വൃത്തികെട്ട സ്വഭാവങ്ങളിൽ നിന്നും ദേഹേഛകളിൽ നിന്നും കർമങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും എന്നെ അകറ്റേണമേ." [2]

«اللَّهُمَ قَنِّعْنِي بِمَا رَزَقْتَنِي، وَبَارِكْ لِي فِيهِ، وَاخْلُفْ عَلَيَّ كُلَّ غَائِبَةٍ لِي بِخَيْرٍ»

---

[1] ഹാകിം 1/520 അദ്ദേഹം അത് സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/520, ബൈഹഖി 225, ത്വബ്റാനി 23/326 ഹദീസ് നം: 717

[2] ഹാകിം 1/523, ((ഇമാം മുസ്ലിമിന്റെ നിബന്ധനയനുസരിച്ചുള്ള ഹദീസാണ് ഇത്)) എന്ന് അദ്ദേഹം പറയുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/532, ത്വബ്റാനി 19/19 ഹദീസ് നം: 36, ദിലാലുൽ ജന്നയിൽ അൽബാനി സ്വഹീഹാക്കി ഹദീസ് നം: 13.

118 - "അല്ലാഹുവേ, നീ നൽകിയ വിഭവങ്ങൾ കൊണ്ട് എന്നെ സംപ്രീതനാക്കുകയും അതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. എന്നിൽ നിന്നും മറഞ്ഞുപോയതിനെല്ലാം ഏറ്റവും ഉത്തമമായത് നീ എനിക്ക് പകരം നൽകേണമേ." [1]

«اللَّهُمَّ حَاسِبْنِي حِسَابًا يَسِيرًا»

119 - "അല്ലാഹുവേ, എന്റെ വിചാരണ ഏറ്റവും ലഘുവായ വിചാരണയാക്കേണമേ." [2]

---

[1] ഹാകിം 1/532 അദ്ദേഹം അത് സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/510. ബൈഹഖി: അൽ ആദാബ് 1084, ദഅവാത്ത് 211, ഇബ്നുഹജർ ഫുതൂഹാത്തിൽ ഹസനാക്കിയിട്ടുണ്ട് 4/383

[2] അഹ്മദ് 6/48, ഹാകിം 1/255 "ഇമാം മുസ്ലിമിന്റെ നിബന്ധനയനുസരിച്ചുള്ള ഹദീസാണ് ഇത്" എന്ന് അദ്ദേഹം പറയുകയും ദഹബി അതിനോട് യോചിക്കുകയും ചെയ്തു. ആയിശ (رضي الله عنها) പറയുന്നു: നബി (ﷺ) പ്രാർത്ഥനയിൽ നിന്ന് വിരമിച്ചപ്പോൾ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരെ, എന്താണ് ലഘുവായ വിചാരണ? അവിടുന്ന് (ﷺ) പറഞ്ഞു: "ഒരാളുടെ കർമ്മഗ്രന്ഥത്തിൽ നോക്കി വിട്ടുവീഴ്ച ചെയ്യലാകുന്നു. ആരെങ്കിലും കണിശമായി വിചാരണ ചെയ്യപ്പെട്ടാൽ അവൻ നശിച്ചതുതന്നെ. ഒരു മുസ്ലിമിന് ബാധിക്കുന്ന എല്ലാം - ഒരു മുള്ള് തറക്കുന്നത് പോലും - അവന് പാപമോചനത്തിന് കാരണമാകും" ഈ ഹദീസിന്റെ സനദ് 'ജയ്യിദ്' ആണെന്ന് അൽബാനി മിശ്കാത്തുൽ മസ്വാബീഹിൽ പറഞ്ഞിട്ടുണ്ട്.

«اللَّهُمَّ أعِنَّا عَلَى ذِكْرِكَ، وَشُكْرِكَ، وَحُسْنِ عِبَادَتِكَ»

120 - "അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും, നിനക്ക് ശുക്റ് ചെയ്യുവാനും നല്ലനിലയിൽ ഇബാദത്ത് ചെയ്യുവാനും ഞങ്ങളെ നീ സഹായിക്കേണമേ." [1]

«اللَّهُمّ إِنِّي أَسْأَلُكَ إِيمَانًا لاَ يَرْتَدُّ، وَنَعِيمًا لاَ يَنْفَدُ، وَمُرَافَقَةَ مُحَمَّدٍ - ﷺ- فِي أَعْلَى جَنَّةِ الْخُلْدِ»

121 - "അല്ലാഹുവേ, പിന്തിരിയാത്ത വിശ്വാസവും തീർന്നുപോകാത്ത അനുഗ്രഹവും നിത്യസ്വർഗത്തിന്റെ അത്യുന്നതിയിൽ മുഹമ്മദ് നബി(ﷺ)യോടൊപ്പമുള്ള സഹവാസവും ഞാൻ നിന്നോട് തേടുന്നു." [2]

---

[1] അഹ്മദ് 2/299, ഹാകിം 1/499, അദ്ദേഹം അതിനെ സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു. അബൂദാവൂദ് 1524, നസാഈ 9973, അദബുൽ മുഫ്റദിൽ അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്; ഹദീസ് നം: 534.

[2] ഇബ്നു ഹിബ്ബാൻ (മവാരിദ്) പേജ്: 604 ഹദീസ് 2436 ഇബ്നുമസ്ഊദ് (رضي الله عنه) വിൽ നിന്ന് ഉദ്ധരിച്ചത്. അഹ്മദ് 1/386, 400 നസാഈ 869 അൽബാനി ഹസനാക്കിയിട്ടുണ്ട്; സിലിസിലത്തു സ്സ്വഹീഹ: 2301

«اللَّهُمَّ قِنِي شَرَّ نَفْسِي، وَاعْزِمْ لِي عَلَى أَرْشَدِ أَمْرِي، اللَّهُمَّ اغْفِرْ لِي مَا أَسْرَرْتُ، وَمَا أَعْلَنْتُ، وَمَا أَخْطَأْتُ، وَمَا عَمَدْتُ، وَمَا عَلِمْتُ، وَمَا جَهِلْتُ»

122 - "അല്ലാഹുവേ, എന്റെ മനസ്സിന്റെ തിന്മയിൽ നിന്ന് എന്നെ കാത്തീടണമേ, എന്റെ കാര്യത്തിൽ ഏറ്റവും ശരിയായത് എനിക്ക് നീ ഉറപ്പിക്കേണമേ. അല്ലാഹുവേ, ഞാൻ രഹസ്യമാക്കിയതും പരസ്യമാക്കിയതും എന്റെ അബദ്ധവും ഞാൻ അറിഞ്ഞ് ചെയ്തതും അറിയാതെ ചെയ്തതും നീ പൊറുത്ത് തരേണമേ." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ غَلَبَةِ الدَّيْنِ، وَغَلَبَةِ الْعَدُوِّ، وَشَمَاتَةِ الأَعْدَاءِ»

123 - "അല്ലാഹുവേ, കടംകൊണ്ട് വലയുന്നതിൽ നിന്നും ശത്രുവിന്റെ അക്രമത്തിൽ നിന്നും ശത്രുക്കളുടെ ആഹ്ളാദത്തിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു." [2]

---

[1] നസാഈ (അൽ കുബ്റ) 6/246, ഹദീസ് 10830 ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോചിക്കുകയും ചെയ്തു 1/510. അഹ്മദ് 4/444. ഇബ്നുഹജർ ഇസ്വാബയിൽ പറഞ്ഞു: (ഇതിന്റെ സനദ് സ്വഹീഹാണ്) റിയാദുസ്വാലിഹീനിൽ അൽബാനി സ്വഹീഹാക്കി (1495 ആം ഹദീസിന്റെ കുറിപ്പ് നോക്കുക)

[2] നസാഈ: 5475, അഹ്മദ് 2/17,3 അൽബാനി സ്വഹീഹാക്കി: സ്വഹീഹ് നസാഈ 3/1113.

«اللَّهُمَّ اغْفِرْ لِي، وَاهْدِنِي، وَارْزُقْنِي، وَعَافِنِي، أَعُوذُ بِاللَّهِ مِنْ ضِيقِ الْمَقَامِ يَوْمَ الْقِيَامَةِ»

124 - "അല്ലാഹുവേ, എനിക്ക് പൊറുത്ത് തരേണമേ, എന്നെ സന്മാർഗത്തിൽ നയിക്കേണമേ, എനിക്ക് ഉപജീവനം തരേണമേ, എനിക്ക് സൗഖ്യം തരേണമേ, അന്ത്യനാളിൽ നിൽക്കുന്നിടം ഇടുങ്ങുന്നതിൽ നിന്നും അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു." [1]

«اللَّهُمَّ مَتِّعْنِي بِسَمْعِي، وَبَصَرِي، وَاجْعَلْهُمَا الْوَارِثَ مِنِّي، وَانْصُرْنِي عَلَى مَنْ يَظْلِمُنِي، وَخُذْ مِنْهُ بِثَأْرِي»

125 - "അല്ലാഹുവേ, എന്റെ കേൾവികൊണ്ടും കാഴ്ച കൊണ്ടും എനിക്ക് പ്രയോജനമേകേണമേ. എന്നിൽ നിന്നും നീ അവയെ അനന്തരമാക്കേണമേ. എന്നെ അക്രമിക്കുന്നവന്നെതിരെ എന്നെ സഹായിക്കുകയും അവനിൽ നിന്നും എനിക്കുവേണ്ടി പ്രതികാരമെടുക്കുകയും ചെയ്യേണമേ." [2]

---

[1] നസാഇ 1617, ഇബ്നു മാജ 1356 അൽബാനി സ്വഹീഹാക്കി: സ്വഹീഹ് നസാഈ1/356, സ്വഹീഹ്: ഇബ്നു മാജ 1/226.

[2] തുർമുദി: 3681, ബുഖാരി (അദബുൽ മുഫ്റദ്) 650, ഹാകിം സ്വഹീഹാക്കുകയും ദഹബി അതിനോട് യോജിക്കുകയും ചെയ്തു 1/523. അൽബാനി സ്വഹീഹ് തുർമുദിയിൽ ഹസനാക്കി 3/188.

«اللَّهُمَّ إِنِّي أَسْأَلُكَ عِيشَةً نَقِيَّةً، ومِيتَةً سَوِيَّةً، ومَرَدّاً غَيْرَ مُخْزٍ ولا فاضِحٍ بَرَكَاتِكَ، وَرَحْمَتِكَ، وَفَضْلِكَ، وَرِزْقِكَ، اللَّهُمَّ إِنِّي أَسْأَلُكَ النَّعِيمَ الْمُقِيمَ الَّذِي لاَ يَحُولُ وَلاَ يَزُولُ، اللَّهُمَّ إِنِّي أَسْأَلُكَ النَّعِيمَ يَوْمَ الْعَيْلَةِ، وَالأَمْنَ يَوْمَ الْخَوْفِ، اللَّهُمَّ إِنِّي عَائِذٌ بِكَ مِنْ شَرِّ مَا أَعْطَيْتَنَا وَشَرِّ مَا مَنَعْتَنَا، اللَّهُمَّ حَبِّبْ إِلَيْنَا الإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ، اللَّهُمَّ تَوَفَّنَا مُسْلِمِينَ، وَأَحْيِنَا مُسْلِمِينَ، وَأَلْحِقْنَا بِالصَّالِحِينَ غَيْرَ خَزَايَا وَلاَ مَفْتُونِينَ، اللَّهُمَّ قَاتِلِ الْكَفَرَةَ الَّذِينَ يُكَذِّبُونَ رُسُلَكَ، وَيَصُدُّونَ عَنْ سَبِيلِكَ، وَاجْعَلْ عَلَيْهِمْ رِجْزَكَ وَعَذَابَكَ، اللَّهُمَّ قَاتِلْ كَفَرَةَ الَّذِينَ أُوتُوا الْكِتَابَ، إِلَهَ الْحَقِّ [آمِينْ]»

126 - "അല്ലാഹുവേ, പരിശുദ്ധമായ ജീവിതവും സമാധാനത്തോടെയുള്ള മരണവും നിന്ദ്യതയോ അവഹേളനമോ കൂടാത്ത മടക്കവും നിന്നോട് ഞാൻ തേടുന്നു." [1]

[1] അഹ്മദ് 3/424, 24/246 ഹദീസ് നം: 15492, ഹാകിം: 1/507, 3/23-24, ബുഖാരി (അദബുൽ മുഫ്റദ്) 699, അൽബാനി സ്വഹീഹാക്കി: ഫിഖ്ഹുസ്സീറ പേജ്: 284 സ്വഹീഹ് അദബുൽ മുഫ്റദ്: 538, പേജ്: 259

«اللَّهُمَّ لَكَ الْحَمْدُ كُلُّهُ، اللَّهُمَّ لاَ قَابِضَ لِمَا بَسَطْتَ، وَلاَ بَاسِطَ لِمَا قَبَضْتَ، وَلاَ هَادِيَ لِمَنْ أَضْلَلْتَ، وَلاَ مُضِلَّ لِمَنْ هَدَيْتَ، وَلاَ مُعْطِيَ لِمَا مَنَعْتَ، وَلاَ مَانِعَ لِمَا أَعْطَيْتَ، وَلاَ مُقَرِّبَ لِمَا بَاعَدْتَ، وَلاَ مُبَاعِدَ لِمَا قَرَّبْتَ، اللَّهُمَّ ابْسُطْ عَلَيْنَا مِنْ بَرَكَاتِكَ، وَرَحْمَتِكَ، وَفَضْلِكَ، وَرِزْقِكَ، اللَّهُمَّ إِنِّي أَسْأَلُكَ النَّعِيمَ الْمُقِيمَ الَّذِي لاَ يَحُولُ وَلاَ يَزُولُ، اللَّهُمَّ إِنِّي أَسْأَلُكَ النَّعِيمَ يَوْمَ الْعَيْلَةِ، وَالأَمْنَ يَوْمَ الْخَوْفِ، اللَّهُمَّ إِنِّي عَائِذٌ بِكَ مِنْ شَرِّ مَا أَعْطَيْتَنَا وَشَرِّ مَا مَنَعْتَنَا، اللَّهُمَّ حَبِّبْ إِلَيْنَا الإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ، اللَّهُمَّ تَوَفَّنَا مُسْلِمِينَ، وَأَحْيِنَا مُسْلِمِينَ، وَأَلْحِقْنَا بِالصَّالِحِينَ غَيْرَ خَزَايَا وَلاَ مَفْتُونِينَ، اللَّهُمَّ قَاتِلِ الْكَفَرَةَ الَّذِينَ يُكَذِّبُونَ رُسُلَكَ، وَيَصُدُّونَ عَنْ سَبِيلِكَ، وَاجْعَلْ عَلَيْهِمْ رِجْزَكَ وَعَذَابَكَ، اللَّهُمَّ قَاتِلْ كَفَرَةَ الَّذِينَأُوتُوا الْكِتَابَ، إِلَهَ الْحَقِّ [آمِينْ]»

127 - "അല്ലാഹുവേ, സ്തുതികളഖിലവും നിനക്കുള്ളതാണ്. അല്ലാഹുവേ, നീ വിശാലമാക്കിയത് പിടിച്ച് വെക്കുന്നവനില്ല, നീ പിടിച്ചു വെച്ചത് വിശാലമാക്കുന്നവനുമില്ല. നീ വഴികേടിലാക്കിയവന് നേർമാർഗം നൽകുന്നവനില്ല, നീ സൻമാർഗത്തിലാക്കിയവനെ വഴിപിഴപ്പിക്കാനുമാവില്ല. നീ തട

യുന്നത് നൽകുന്നവനില്ല, നീ നൽകിയത് തടയുന്നവനുമി ല്ല. നീ അകറ്റിയത് അടുപ്പിക്കാനാവില്ല, നീ അടുപ്പിച്ചത് അ കറ്റാനുമാവില്ല. അല്ലാഹുവേ, നിന്റെ അനുഗ്രഹങ്ങളും കാ രുണ്യവും ഔദാര്യവും ഉപജീവനവും ഞങ്ങൾക്ക് നീ വി ശാലമാക്കി തരേണമേ. അല്ലാഹുവേ, ഒരിക്കലും നീങ്ങിപോ കാത്തതും മാറാത്തതുമായ ശാശ്വത സൗഭാഗ്യത്തിനായി നിന്നോട് ഞാൻ തേടുന്നു. പ്രാരാബ്ധ ദിനത്തിൽ സുഭിക്ഷത യും, ഭയപ്പാടിന്റെ നാളിൽ നിർഭയത്വവും നിന്നോട് ചോദി ക്കുന്നു. അല്ലാഹുവേ, നീ നൽകിയിട്ടുള്ളതിന്റെ ദോഷത്തി ൽ നിന്നും തടഞ്ഞിട്ടുള്ളതിന്റെ ദോഷത്തിൽ നിന്നും നി ന്നോട് ഞാൻ അഭയം തേടുന്നു. അല്ലാഹുവേ, ഈമാനിനെ ഞങ്ങൾക്ക് നീ പ്രിയങ്കരമാക്കുകയും ഞങ്ങളുടെ ഹൃദയ ത്തിൽ അതിനെ അലംകൃതമാക്കുകയും, അവിശ്വാസവും അധർമവും അനുസരണക്കേടും ഞങ്ങൾക്ക് വെറുക്കപ്പെ ട്ടതാക്കുകയും ഞങ്ങളെ നേർമാർഗികളാക്കുകയും ചെയ്യേ ണമേ. അല്ലാഹുവേ, ഞങ്ങളെ മുസ്ലിങ്ങളായി ജീവിപ്പിക്കുക യും മുസ്ലിങ്ങളായി മരിപ്പിക്കുകയും യാതൊരുവിധ കുഴപ്പ മോ നിന്ദ്യതയോ കൂടാതെ സൽവൃത്തരിൽ ഞങ്ങളെ ചേർ ക്കുകയും ചെയ്യേണമേ. അല്ലാഹുവേ, നിന്റെ ദൂതൻമാരെ നിഷേധിച്ച് തള്ളിയവരും നിന്റെ മാർഗത്തിൽ നിന്ന് തടു ക്കുന്നവരുമായ സത്യനിഷേധികളെ നീ നശിപ്പിക്കേണമേ. നിന്റെ ശിക്ഷയും ശാപവും അവർക്ക് നീ നൽകേണമേ. യഥാർത്ഥ ആരാധ്യനായ അല്ലാഹുവേ, വേദം നൽകപ്പെട്ടവ രിൽ നിന്നുള്ള സത്യനിഷേധികൾക്ക് നീ നാശം നൽകേണ മേ. എന്റെ ഈ പ്രാർത്ഥന നീ സ്വീകരിക്കേണമേ."

«اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَاهْدِنِي، وَعَافِنِي، وَارْزُقْنِي» «وَاجْبُرْنِي، وَارْفَعْنِي»

128 - "അല്ലാഹുവേ, എന്റെ പാപങ്ങൾ പൊറുക്കണമേ. എന്നോട് കരുണ ചെയ്യേണമേ. എനിക്ക് നേർമാർഗവും സൗഖ്യവും ഉപജീവനവും നൽകണമേ." [1]

"എന്റെ പ്രശ്നങ്ങൾ പരിഹരിക്കുകയും എന്നെ നീ ഉയർത്തുകയും ചെയ്യേണമേ" [2]

«اللَّهُمَّ زِدْنَا وَلَا تَنْقُصْنَا، وَأَكْرِمْنَا وَلَا تُهِنَّا، وَأَعْطِنَا وَلَا تَحْرِمْنَا، وَآثِرْنَا وَلَا تُؤْثِرْ عَلَيْنَا، وَأَرْضِنَا وَارْضَ عَنَّا»

129 - "അല്ലാഹുവേ, ഞങ്ങൾക്ക് യാതൊന്നും കുറയാതെ നീ വർദ്ധിപ്പിച്ചു തരേണമേ, ഞങ്ങളെ നിന്ദ്യരാക്കാതെ നീ ആദരിക്കേണമേ, തടഞ്ഞുവെക്കാതെ നീ വിശാലമായി നൽകേണമേ, ഞങ്ങൾക്കെതിരെ സ്ഥാനം നൽകാതെ ഞ

[1] മുസ്ലിം: 2696, 2697 മുസ്ലിമിന്റെ റിപ്പോർട്ടിൽ "ഈ കാര്യങ്ങൾ നിനക്ക് ഇഹലോകവും പരലോകവും നേടിത്തരും" എന്നും കൂടിയുണ്ട്. അബൂദാവൂദ്: 850 (ആ ഗ്രാമീണൻ പോയപ്പോൾ നബി (ﷺ) പറഞ്ഞു: അവൻ ഇരുകരങ്ങളും നന്മകളാൽ നിറച്ചിരിക്കുന്നു).

[2] തിർമിദി 284, ഇബ്നു മാജ 898. അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്: സ്വഹീഹ് ഇബ്നുമാജഃ 1/148, സ്വഹീഹ് തുർമുദി 1/90.

ങ്ങൾക്ക് നീ മുൻഗണനനൽകേണമേ, ഞങ്ങളെ നീ തൃപ്തിപ്പെടുകയും സംതൃപ്തരാക്കുകയും ചെയ്യേണമേ." [1]

«اللَّهُمَّ أَحْسَنْتَ خَلْقِي فَأَحْسِنْ خُلُقِي»

130 - "അല്ലാഹുവേ, എന്റെ ആകാരം ഭംഗിയാക്കിയതു പോലെ എന്റെ സ്വഭാവവും നന്നാക്കിത്തരേണമേ." [2]

«اللَّهُمَّ ثَبِّتْنِي وَاجْعَلْنِي هَادِياً مَهْدِيّاً»

131 - "അല്ലാഹുവേ, എനിക്ക് സ്ഥൈര്യം നൽകേണമേ. എന്നെ സൻമാർഗത്തിൽ നയിക്കുന്നവനും നയിക്കപ്പെടുന്നവനുമാക്കേണമേ." [3]

«اللَّهُمَّ إِنِّي أَسْأَلُكَ الثَّبَاتَ فِي الْأَمْرِ، وَالْعَزِيمَةَ عَلَى الرُّشْدِ، وَأَسْأَلُكَ مُوجِبَاتِ رَحْمَتِكَ، وَعَزَائِمَ مَغْفِرَتِكَ، وَأَسْأَلُكَ شُكْرَ نِعْمَتِكَ، وَحُسْنَ عِبَادَتِكَ، وَأَسْأَلُكَ قَلْباً سَلِيماً، وَلِسَاناً صَادِقاً، وَأَسْأَلُكَ مِنْ خَيْرِ مَا

---

[1] തിർമിദി 5/326 ഹദീസ് നം: 3173, ഹാകിം സ്വഹീഹാക്കി 2/98, അബ്ദുൽ ഖാദർ അർനാഊത്ത് ഹസനാണെന്ന് പറഞ്ഞു: ജാമിഉൽ ഉസൂൽ 11/282 ഹദീസ് 8847

[2] അഹ്മദ് 6/68, 155, 1/403, ഇബ്നുഹിബ്ബാൻ (മവാരിദ്-2423), ത്വയാലിസി 374, മുസ്നദ് അബൂയഅ്'ല: 5075, അൽബാനി സ്വഹീഹാക്കി: ഇർവാഉൽ ഗലീൽ 1/115 ഹദീസ് നം:74

[3] ജരീർ (رضي الله عنه) വിന് വേണ്ടിയുള്ള നബി (ﷺ) യുടെ പ്രാർത്ഥന അതിന് തെളിവാണ്. ബുഖാരി: 6333, 3020, 3036.

تَعْلَمُ، وَأَعُوذُ بِكَ مِنْ شَرِّ مَا تَعْلَمُ، وَأَسْتَغْفِرُكَ لِمَا تَعْلَمُ، إِنَّكَ أَنْتَ عَلاَّمُ الْغُيُوبِ»

132 - "അല്ലാഹുവേ, കാര്യങ്ങളിൽ സ്ഥിരതയും നേർമാർഗത്തിൽ ദൃഢതയും നിന്നോട് തേടുന്നു. നിന്റെ കാരുണ്യം അനിവാര്യമാക്കുന്നതും നിന്റെ പാപമോചനം ഉറപ്പിച്ചുതരുന്നതും ഞാൻ നിന്നോട് തേടുന്നു. നിന്റെ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത കാട്ടാനും, നല്ലനിലയിൽ നിനക്ക് ഇബാദത്ത് ചെയ്യുവാനും എന്നെ അനുഗ്രഹിക്കേണമേ, കളങ്കമില്ലാത്ത ഹൃദയവും സത്യസന്ധമായ നാവും നീ നൽകേണമേ, നീ അറിയുന്ന നന്മ ഞാൻ തേടുന്നു, നീ അറിയുന്ന തിന്മയിൽ നിന്ന് രക്ഷയും തേടുന്നു, നീ അറിയുന്ന പാപങ്ങൾ എനിക്ക് പൊറുത്ത് തരേണമേ, എല്ലാ അദൃശ്യങ്ങളും അറിയുന്നവൻ നീ മാത്രമാണല്ലോ." [1]

«اللَّهُمَّ إِنِّي أَسْأَلُكَ الْفِرْدَوْسَ أَعْلَى الْجَنَّةِ»

---

[1] അഹ്മദ് 28/338 ഹദീസ് നം:17114, 28/356 ഹദീസ് നം: 17133, തുർമുദി 3407, ത്വബ്റാനി (മുഅ്ജമുൽ കബീർ) 7135, 7157, 7175, 7176, 7177, 7178, 7179, 7180 ഇബ്നുഹിബ്ബാൻ 3/215 ഹദീസ് നം: 935, 5/310 ഹദീസ് നം: 1974, ശുഐബ് അർനാഊത്ത് ഹസനാക്കി (സ്വഹീഹ് ഇബ്നുഹിബ്ബാൻ) 5/312, മുസ്നദിന്റെ നിരൂപകരും അതേ പരമ്പര ഹസനാക്കിയിട്ടുണ്ട് 28/338, അൽബാനി സിൽസിലത്തു സ്വഹീഹ ഏഴാം വാള്യത്തിലും 3228, സ്വഹീഹ് മവാരിദിലും ഉദ്ധരിച്ചു: ഹദീസ് നം: 2416, 2418.

133 - "അല്ലാഹുവേ, സ്വർഗത്തിലെ ഉന്നതമായ ഫിർദൗസ് നിന്നോട് ഞാൻ തേടുന്നു." [1]

«اللَّهُمَّ جَدِّدِ الإِيْمَانَ فِي قَلْبِي»

134 - "അല്ലാഹുവെ, എന്റെ ഹൃദയത്തിൽ നീ വിശ്വാസത്തെപുതുക്കേണമേ." [2]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ صَلَاةٍ لَا تَنْفَعُ»

---

[1] "അല്ലാഹുവിനോട് ചോദിക്കുകയാണെങ്കിൽ നിങ്ങൾ ഫിർദൗസിനെ ചോദിക്കുക. നിശ്ചയമായും അത് സ്വർഗ്ഗത്തിന്റെ ഏറ്റവും നല്ല ഭാഗമാണ്. സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനത്തുള്ളതുമാണ്. അതിന്റെ മീതെയാണ് അല്ലാഹുവിന്റെ സിംഹാസനം. അതിൽ നിന്നാണ് സ്വർഗ്ഗത്തിലെ അരുവികളെല്ലാം നിർഗളിക്കുന്നത്." (ബുഖാരി. 2790, 7423)

[2] അബ്ദുല്ലാഹിബ്നു ഉമർ(رضي الله عنهما)ന്റെ ഹദീസിൽ നിന്നും: അദ്ദേഹം പറഞ്ഞു. പ്രവാചകർ(ﷺ) പറഞ്ഞിട്ടുണ്ട്. "നിശ്ചയമായും ദ്രവിച്ച വസ്ത്രം നുരുമ്പി പോകുന്നപോലെ വിശ്വാസം നിങ്ങളുടെ ഹൃദയത്തിൽ നിന്നും ദ്രവിച്ചു പോകും. അതിനാൽ നിങ്ങൾ അല്ലാഹുവിനോട് വിശ്വാസത്തെ നിങ്ങളുടെ ഹൃദയങ്ങളിൽ പുതുക്കാൻ വേണ്ടി ചോദിക്കുക". ഹാകിം 1/4, അദ്ദേഹം സ്വഹീഹാക്കുകയും ദഹബി അതിനോട് യോചിക്കുകയും ചെയ്തു. ഹൈതമി പറഞ്ഞു: (ത്വബ്റാനി അൽകബീറിൽ ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ സനദ് ഹസനാണ്) മജ്മഉസ്സവാഇദ് 1/52, അൽബാനി 'സ്വഹീഹ്' ആക്കിയിട്ടുണ്ട്: സില്സിലത്തു സ്വഹീഹ 4/113, ഹദീസ് നം: 1585

135 - "അല്ലാഹുവെ ഉപകാരപ്രദമല്ലാത്ത നിസ്കാരത്തിൽ നിന്ന് നിന്നോട് ഞാൻ കാവലിനെ ചോദിക്കുന്നു." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَارِ السُّوءِ، وَمِنْ زَوْجٍ تُشَيِّبُنِي قَبْلَ الْمَشِيبِ، وَمِنْ وَلَدٍ يَكُونُ عَلَيَّ رَبّاً، وَمِنْ مَالٍ يَكُونُ عَلَيَّ عَذَاباً، وَمِنْ خَلِيْلٍ مَاكِرٍ عَيْنُهُ تَرَانِي، وَقَلْبُهُ يَرْعَانِي؛ إِنْ رَأَى حَسَنَةً دَفَنَهَا، وَإِذَا رَأَى سَيِّئَةً أَذَاعَهَا»

136 - "അല്ലാഹുവെ, മോശം അയൽവാസിയിൽ നിന്നും നിന്നോട് ഞാൻ കാവലിനെ ചോദിക്കുന്നു. നര ബാധിക്കുന്നതിന് മുമ്പ് എനിക്ക് നര നൽകുന്ന ഇണയിൽ നിന്നും നിന്നോട് കാവലിനെ ചോദിക്കുന്നു. എന്റെ മേലിൽ ഉടമസ്ഥാവകാശം നേടിയെടുക്കുന്ന മക്കളിൽ നിന്നും നിന്നോട് ഞാൻ കാവലിനെ ചോദിക്കുന്നു. എനിക്ക് ശിക്ഷയായി ഭവിക്കുന്ന സമ്പത്തിൽ നിന്നും നിന്നോട് രക്ഷ ചോദിക്കുന്നു. അപ്രകാരം ചതിയനായ കൂട്ടുകാരനിൽ നിന്നും - അവന്റെ കണ്ണ് എന്നെ നിരീക്ഷിക്കുകയും അവന്റെ ഹൃദയം എന്റെ നാശത്തിനു വേണ്ടി പതിയിരിക്കുകയും ചെയ്യുന്ന - നിന്നോട് കാവലിനെ ചോദിക്കുന്നു. അവൻ എന്തെങ്കിലും നന്മ കണ്ടാൽ അതിനെ മൂടിവെക്കുകയും എന്തെങ്കിലും തി

---

[1] അബൂദാവൂദ് 1549, അൽബാനി സ്വഹീഹാക്കി: സ്വഹീഹ് അബൂദാവൂദ് 1/424.

ന്മ കണ്ടാൽ അതിനെ പ്രചരിപ്പിക്കുകയും ചെയ്യുന്ന കൂട്ടുകാരനാണ്." [1]

«اللَّهُمَّ لاَ تُخْزِنِي يَوْمَ الْقِيَامَةِ»

137 - "അല്ലാഹുവെ, ഖിയാമത്ത് നാളിൽ എന്നെ നിന്ദിക്കരുതേ." [2]

«اللَّهُمَّ إِنِّي أَسْأَلُكَ الْمُعَافَاةَ فِي الدُّنْيَا وَالْآخِرَةِ»

138 - "അല്ലാഹുവെ, ദുനിയാവിലും ആഖിറത്തിലും എല്ലാവിധ ആഫിയത്തും (സൗഖ്യം) നിന്നോട് ഞാൻ ചോദിക്കുന്നു." [3]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لاَ يَنْفَعُ، وَعَمَلٍ لاَ يُرْفَعُ، وَقَلْبٍ لاَ يَخْشَعُ، وَقَوْلٍ لاَ يُسْمَعُ»

---

[1] ത്വബ്റാനി (ദുആ) 3/1425 ഹദീസ് 1339, അൽബാനിയുടെ സിൽസില സ്വഹീഹ 7/377, ഹദീസ് നം: 3137.

[2] അഹ്മദ്: 29/596 ഹദീസ് നം: 18056, മുസ്നദിന്റെ നിരൂപകർ പറഞ്ഞു: 'ഇതിന്റെ സനദ് സ്വഹീഹാണ്', ത്വബ്റാനി (മുഅ്ജമുൽ കബീർ): 3/20 ഹദീസ് നം: 2524 "ഖിയാമത്ത് നാളിൽ എന്നെ നീ നിന്ദിക്കരുതേ, പ്രയാസത്തിന്റെ ദിനത്തിൽ എന്നെ നീ നിന്ദിക്കരുതേ" എന്നാണ് അദ്ദേഹം ഉദ്ധരിച്ച പദം.

[3] ഇബ്നു മാജ 3851, അൽബാനി സ്വഹീഹാണെന്ന് വിലയിരുത്തി. സ്വഹീഹ് ഇബ്നുമാജഃ 3/259, സിൽസില സ്വഹീഹ 1138.

139 - "അല്ലാഹുവെ, ഉപകാരപ്രദമല്ലാത്ത വിജ്ഞാന ത്തിൽ നിന്നും, ഉയർത്തപ്പെടാത്ത കർമ്മത്തിൽ നിന്നും, ഭ യഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും, കേൾക്കപ്പെടാത്ത പ്രാർത്ഥനയിൽ നിന്നും നിന്നോട് നാം കാവലിനെ ചോദി ക്കുന്നു." [1]

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ، وَالْعَجْزِ وَالْكَسَلِ، وَالْبُخْلِ وَالْجُبْنِ، وَضَلَعِ الدَّيْنِ، وَغَلَبَةِ الرِّجَالِ»

140 - "അല്ലാഹുവെ, ആശങ്കയിൽ നിന്നും, ദു:ഖത്തിൽ നിന്നും, അശക്തിയിൽ നിന്നും മടിയിൽ നിന്നും പിശുക്കി ൽ നിന്നും ഭീരുത്വത്തിൽ നിന്നും കടം കുമിഞ്ഞുകൂടുന്നതി ൽ നിന്നും മറ്റുള്ള ആളുകൾ അതിജയിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു." [2]

---

[1] ഇബ്നു ഹിബ്ബാൻ (മവാരിദ്): 2440, അൽബാനി സ്വഹീ ഹാണെന്ന് വിലയിരുത്തി, സ്വഹീഹ് മവാരിദ് 2/454, ഹദീസ് നം: 2066

[2] അനസ് (رضي الله عنه) പറഞ്ഞു: ഞാൻ (നബി യാത്ര ക ഴിഞ്ഞ് നാട്ടിൽ) ഇറങ്ങിയാലെല്ലാം റസൂലി(ﷺ)ന് സേവനം ചെയ്യുന്ന ആളായിരുന്നു. റസൂൽ(ﷺ) ധാരാളമായി ഇത് പ്രാ ർത്ഥിക്കുന്നത് ഞാൻ കേൾക്കാറുണ്ടായിരുന്നു. (ബുഖാരി 6363).

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ النَّارِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ، وَأَعُوذُ بِكَ مِنَ الْفِتَنِ مَا ظَهَرَ مِنْهَا وَمَا بَطَنَ، وَأَعُوذُ بِكَ مِنْ فِتْنَةِ الدَّجالِ»

141 – "അല്ലാഹുവെ, നരകത്തിന്റെ ശിക്ഷയിൽ നിന്നും, ഖബറിന്റെ ശിക്ഷയിൽ നിന്നും, ഗോപ്യവും പ്രകടവുമായ എല്ലാ ഫിത്നയിൽ നിന്നും, ദജ്ജാലിന്റെ ഫിത്നയിൽ നിന്നും നിന്നോട് ഞാൻ കാവലിനെ ചോദിക്കുന്നു." [1]

«اللَّهُمَّ إِنِّي أَسْأَلُكَ شَهَادَةً فِي سَبِيلِكَ»

142 - "അല്ലാഹുവെ, നിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷിത്വത്തെ ഞാൻ നിന്നോട് ചോദിക്കുന്നു." [2]

---

[1] "നരകത്തിന്റെ ശിക്ഷയിൽ നിന്നും അല്ലാഹുവിനോട് നിങ്ങൾ കാവലിനെ ചോദിക്കുക. അതുപോലെ ഖബറിന്റെ ശിക്ഷയിൽ നിന്നും അല്ലാഹുവിനോട് കാവലിനെ ചോദിക്കുക..." (മുസ്ലിം 2867)

[2] "ആരെങ്കിലും സത്യസന്ധമായി രക്തസാക്ഷിത്വത്തെ അല്ലാഹുവിനോട് ചോദിച്ചാൽ അവനെ അല്ലാഹു ശഹീദുകളുടെ പദവികളിൽ എത്തിക്കുന്നതായിരിക്കും. അവൻ അവന്റെ കിടക്കപ്പായയിൽ വെച്ച് മരണപ്പെട്ടാൽ പോലും" (മുസ്ലിം: 1909)

«اللَّهُمَّ اغْفِرْ لِي، اللَّهُمَّ اجْعَلْنِي يَوْمَ الْقِيَامَةِ فَوْقَ كَثِيرٍ مِنْ خَلْقِكَ مِنَ النَّاسِ، اللَّهُمَّ اغْفِرْ لِي ذَنْبِي، وَأَدْخِلْنِي يَوْمَ الْقِيَامَةِ مُدْخَلاً كَرِيمًا»

143 - "അല്ലാഹുവെ, എനിക്ക് നീ പൊറുത്തു തരേണമേ. അല്ലാഹുവെ, ഖിയാമത്ത് നാളിൽ നിന്റെ സൃഷ്ടികളിൽ ഒരു പാട് പേരേക്കാൾ എന്റെ സ്ഥാനം നീ ഉയർത്തേണമേ. അല്ലാഹുവെ, എന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്തു തരേണമേ. ഖിയാമത്തുനാളിൽ മാന്യമായ പ്രവേശന സ്ഥാനത്തിൽ എന്നെ നീ പ്രവേശിപ്പിക്കേണമേ." [1]

«اللَّهُمَّ اهْدِنِي فِيمَنْ هَدَيْتَ، وَعَافِنِي فِيمَنْ عَافَيْتَ، وَتَوَلَّنِي فِيمَنْ تَوَلَّيْتَ، وَبَارِكْ لِي فِيمَا أَعْطَيْتَ، وَقِنِي شَرَّمَا قْضَيْتَ، إِنَّهُ لا يَذِلُّ مَنْ وَالَيْتَ، تَبَارَكْتَ رَبَّنَا وَتَعَالَيْتَ»

144 - "അല്ലാഹുവെ നീ സൻമാർഗ്ഗത്തിൽ എത്തിച്ചവരുടെ കൂട്ടത്തിൽ എന്നെയും നീ ഉൾപ്പെടുത്തേണമെ. നീ ആഫിയത്ത് നൽകിയവരിലും നീ ഏറ്റെടുത്തവരിലും എന്നെ നീ ഉൾപ്പെടുത്തേണമെ. നീ എനിക്ക് നൽകിയതിൽ നീ ബറകത്ത് നൽകുകയും നീ വിധിച്ചതിന്റെ എല്ലാ തിന്മയിൽ നി

---

[1] അബൂ ബുർദ(رضي الله عنه) ന് വേണ്ടിയും ഉബൈദ് അബൂ ആമിർ (رضي الله عنه) വിനും വേണ്ടിയുള്ള നബിﷺയുടെ പ്രാർത്ഥനയിൽ നിന്നും എടുത്തതാണ് (ബുഖാരി 4323, മുസ്ലിം 2498)

ന്നും എന്നെ നീ സംരക്ഷിക്കുകയും ചെയ്യേണമേ. നീ രക്ഷ ഏറ്റെടുത്തവർ നിന്ദ്യരാവുകയില്ല. ഞങ്ങളുടെ രക്ഷിതാവേ നീ എല്ലാ നന്മകളും നിറഞ്ഞവനാണ്. നീ ഉന്നതനാണ്." [1]

«رَبِّ اغْفِرْ لِي خَطِيئَتِي يَوْمَ الدِّينِ»

145 - "എന്റെ റബ്ബേ! അന്ത്യദിനത്തിൽ എന്റെ പാപങ്ങളെ നീ എനിക്ക് പൊറുത്തുതരേണമെ." [2]

«أَسْتَغْفِرُ اللهَ العَظِيمَ الَّذِي لاَ إِلَهَ إِلاَّ هُوَ، الحَيُّ القَيُّومُ، وَأَتُوبُ إِلَيهِ»

146 - "അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുന്നു. അവൻ ഏറ്റവും മഹാനാകുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവനും

[1] അഹ്മദ് 3/249 ഹദീസ് നം: 1723 (അതിന്റെ സനദ് സ്വഹീഹാണ്) എന്ന് മുസ്നദിന്റെ നിരൂപകർ പറഞ്ഞു 3/249. മറ്റു റിപ്പോർട്ടുകളിൽ ഈ പ്രാർത്ഥന വിത്റിൽ പരിമിതമായി വന്നത് പോലെ പരിമിതമായി വന്ന റിപ്പോർട്ടല്ല ഇത്. ഈ റിപ്പോർട്ടിൽ അനസ് (رضي الله عنه) പറയുന്നു: "ഈ പ്രാർത്ഥന നബി (ﷺ) ഞങ്ങളെ പഠിപ്പിക്കാറുണ്ടായിരുന്നു."

[2] പ്രവാചകരോട് ചോദിക്കപ്പെട്ടു. റസൂലെ, ജാഹിലിയ്യാ കാലത്ത് ഇബ്നു ജുദ്ആൻ കുടുബംബന്ധം ചേർക്കുന്നവനും പാവങ്ങൾക്ക് ഭക്ഷണം നൽകുന്നവനുമായിരുന്നു. അത് അദ്ദേഹത്തിന് ഉപകരിക്കുമോ? അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു. ഇല്ല, അദ്ദേഹത്തിന് ഉപകരിക്കുകയില്ല. അദ്ദേഹം ഒരിക്കൽ പോലും "എന്റെ റബ്ബേ! അന്ത്യദിനത്തിൽ എന്റെ പാപങ്ങളെ നീ എനിക്ക് പൊറുത്തുതരേണമെ" എന്ന് പറഞ്ഞിട്ടില്ല. (മുസ്ലിം 214)

എല്ലാം നിയന്ത്രിക്കുന്നവനുമായ (അവനോടാണ് ഞാൻ പാപമോചനം തേടുന്നത്) അവനിലേക്ക് ഞാൻ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു." [1]

«اللَّهُمَّ اغْفِرْ لِي ذَنْبِي، وَأَذْهِبْ غَيْظَ قَلْبِي، وَأَعِذْنِي مِنْ مُضِلاتِ الْفِتَنِ»

147 - "അല്ലാഹുവെ, എന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്തു തരണമേ, എന്റെ ഹൃദയത്തിന്റെ ക്രോധം നീ ഒഴിവാക്കി തരേണമേ, വഴികേടിലാക്കുന്ന ഫിത്നകളിൽ നിന്നും എന്നെ രക്ഷപ്പെടുത്തേണമേ." [2]

---

[1] ആരെങ്കിലും അങ്ങനെ പറഞ്ഞാൽ, അവൻ യുദ്ധത്തിൽ നിന്നും പിന്തിരിഞ്ഞോടിയവനായാലും ശരി അവന് അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്. (തുർമുദി 3577) അൽബാനിയുടെ സ്വഹീഹ് തുർമുദി 3/469.

[2] ആഇശ (رَضِيَ اللَّهُ عَنْها) ക്ക് വേണ്ടി നബി (ﷺ) ഇപ്രകാരം പ്രാർത്ഥിച്ചതായി കാണാവുന്നതാണ്: "അല്ലാഹുവെ, ഇവളുടെ പാപങ്ങൾ നീ പൊറുത്തു കൊടുക്കേണമേ, ഇവളുടെ ഹൃദയത്തിന്റെ ക്രോധം നീ ഒഴിവാക്കി കൊടുക്കേണമേ, വഴികേടിലാക്കുന്ന ഫിത്നകളിൽ നിന്നും ഇവളെ രക്ഷപ്പെടുത്തേണമേ" ഇബ്നു അസാകിർ "അൽ അർബഈൻ ഫീ മനാഖിബി ഉമ്മഹാതിൽ മുഅ്മിനീൻ" പേജ്: 85 ൽ ആയിശ (رضي الله عنها) യിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: (ഇത് 'ഹസനും സ്വഹീഹുമാണ്'. ബഖിയ്യത്തുബ്നുൽ വലീദിന്റെ ഹദീസിൽ നിന്നുമാകുന്നു). ഇബ്നുസ്സുന്നി "അമലുൽ യൗമി വല്ലൈല" ഹദീസ് 457, മറ്റൊരു കോപ്പിയി

«اللَّهُمَّ أَحْيِنِي عَلَى سُنَّةِ نَبِيِّكَ -ﷺ- وَتَوَفَّنِي عَلَى مِلَّتِهِ، وَأَعِذْنِي مِنْ مُضِلاَّتِ الْفِتَنِ»

148 - "അല്ലാഹുവെ നിന്റെ നബി (ﷺ) യുടെ ചര്യയിൽ എന്നെ നീ ജീവിപ്പിക്കേണമേ അദ്ദേഹത്തിന്റെ മാർഗത്തിൽ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ, വഴികേടിലാക്കുന്ന ഫിത്നകളിൽ നിന്നും എന്നെ രക്ഷപ്പെടുത്തേണമേ." [1]

---

ൽ 'വഴികേടിലാക്കുന്ന ഫിത്നകളിൽ നിന്നും' എന്നതിന് പകരം 'പിശാചിൽ നിന്ന് രക്ഷപ്പെടുത്തേണമേ' എന്നാണുള്ളത്. അൽബാനിയുടെ 'സിൽസിലത്തു ദഈഫ' ഹദീസ് നം: 4207. ഈ ഹദീസിനെ ശക്തിപ്പെടുത്തുന്ന ഒരു ഹദീസ് ഉമ്മു സലമ (رضي الله عنها) വിൽ നിന്നും ഇമാം അഹ്മദ് ഉദ്ധരിക്കുന്നുണ്ട് 26576, 2/44. ഹൈതമി അതിനെ 'ഹസൻ' ആക്കിയിട്ടുണ്ട്. മജ്മഉസ്സവാഇദ് 10/27. ത്വബ്റാനി (മുഅ്ജമുൽ കബീർ) 23/338 ഹദീസ് 785. അതിന് ഉപോൽബലകമായി ഉമ്മുഹാനി (رضي الله عنها) യിൽ നിന്നുദ്ധരിക്കപ്പെടുന്ന ഹദീസും കാണാം. ഖറാഇത്വി (മസാവിഉൽ അഖ്ലാഖ്) 323

[1] ബൈഹഖി (അൽ കുബ്റ) യിൽ ഇബ്നു ഉമർ (رضي الله عنه) വിന്റെ പ്രാർത്ഥനയായി ഉദ്ധരിച്ചത് 5/95. അത് "ഇബ്നുൽ മുലഖിൻ" (ബദ്റുൽ മുനീറി)ൽ എടുത്തുദ്ധരിച്ചു 6/309. (ഇതിന്റെ സനദ് ജയ്യിദ് ആണ്) എന്ന് 'ദിയാഅ്' പറഞ്ഞതായി അദ്ദേഹം ഉദ്ധരിക്കുന്നുമുണ്ട്. ഇബ്നുമസ്ഊദ് (رضي الله عنه) പറയുന്നു: "അല്ലാഹുവേ പരീക്ഷണങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു" എന്ന് നിങ്ങളാരും പ്രാർത്ഥിക്കരുത്; കാരണം എല്ലാവരും പരീക്ഷണങ്ങളിലാണ്. കാരണം അല്ലാഹു പറഞ്ഞു: "നിങ്ങളുടെ സമ്പത്തും സ

«اللَّهُمَّ صَلِّ عَلَى مُحَمَّدٍ، وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ، وَعَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ، وَبَارِكْ عَلَى مُحَمَّدٍ، وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى إِبْرَاهِيمَ، وَعَلَى آلِ إِبْرَاهِيمَ، [فِي الْعَالَمِينَ] إِنَّكَ حَمِيدٌ مَجِيدٌ»

149 - "അല്ലാഹുവേ! ഇബ്രാഹീം നബിക്കും കുടുംബത്തിനും നീ ഗുണം ചെയ്തത് പോലെ, മുഹമ്മദ് നബിക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! തീർച്ചയായും നീ അങ്ങേയറ്റം സ്തുത്യർഹനും, ഏറ്റവും ഉന്നതനുമാകുന്നു. അല്ലാഹുവേ! ഇബ്രാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചൊരിഞ്ഞതു പോലെ, മുഹമ്മദ് നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമേ! [തീർച്ചയായും നീ അങ്ങേയറ്റം സ്തുത്യർഹനും, ഏറ്റവും ഉന്നതനുമാകുന്നു] [1]

---

ന്താനങ്ങളും നിങ്ങൾക്ക് പരീക്ഷണമാകുന്നു" (തഗാബുൻ: 15). അതിനാൽ ആരെങ്കിലും അല്ലാഹുവോട് അഭയം തേടുകയാണെങ്കിൽ വഴികേടിലാക്കുന്ന ഫിത്നകളിൽ നിന്നും രക്ഷ തേടിക്കൊള്ളട്ടെ." ഇബ്നുജരീർ തന്റെ തഫ്സീറിൽ ഉദ്ധരിച്ചത്: 13/475, ഹദീസ് നം: 15912. ഇബ്നു ബത്താൽ സ്വഹീഹുൽ ബുഖാരിയുടെ വിവരണത്തിലും ഉദ്ധരിച്ചിട്ടുണ്ട് 4/13.

[1] ബുഖാരി: 3370. ബ്രാക്കറ്റിൽ കൊടുത്ത ഭാഗം ഇമാം മുസ്ലിം ഉദ്ധരിച്ച അബൂഹുറൈറ (رضي الله عنه) വിന്റെ ഹദീസിൽ നിന്നുള്ളതാകുന്നു, ഹദീസ് 405.

സർവ സ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു - അവന്റെ മഹത്വത്തിനും ഉന്നതമായ ആധിപത്യത്തിനും അനുഗുണമായ വിധത്തിൽ-. നമ്മുടെ നബി മുഹമ്മദ്(ﷺ)യുടെ മേൽ എല്ലാ അനുഗ്രഹവും രക്ഷയും ഉണ്ടാവട്ടെ. നബിയുടെ കുടുംബത്തിലും അനുചരിലും നബിയെ പിൻപറ്റിയവരിലും അവസാന നാൾ വരെ നന്മ സദാ വർഷിക്കട്ടെ.